പുസ്തകം ൪൦. ലക്കം ൨.

കന്യകാസൂനു

The Flower of Carmel



പ്രതിമാസപത്രിക.

February 1912.

സംഗതി വിവരം.

മംഗളം.

I. അഞ്ചുവിനാഴിക പ്രസംഗം.

II. സുവിശേഷവിവരണം.

III. പുണ്യപരീക്ഷ.

IV. സകല മനുഷ്യരുടേയും ഉറവയായ ഈശോയുടെ തിരുഹൃദയം.

V. ഒരു അത്ഭുതം.

VI. വി. സെബസ്ത്യാനോസിന്റെ ഉപദേശം.

VII. ചില ചരിത്രചോദ്യങ്ങളും ഉത്തരങ്ങളും.
വി. കത്രീനായുടെ ജീവചരിത്രം.

VIII. പടിസാധനത്തിന്റെ പേപ്പു്.

IX. തിരുഹൃദയഭക്തർ ഫെബ്രുവരിമകരമാസത്തിൽ വണ്ണുണ്ട പൊതുക്കരുതൽ.

X. ലോകവർത്തമാനച്ചുരുക്കം.

നോട്ടീസു്.

ആരെങ്കിലും തവാൽകൂലി ഉൾപടെ ബ്രിട്ടീഷ് രൂപ ഉ.

യാതൊരുത്തൻ ഒരു പേരെ പത്രവരിക്കാരായി ചേർത്തു് പേരയക്കയും സ്വന്തമേൽ വിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങിച്ചുകൊടുക്കയും പത്രവരിപിരിച്ചു ഞങ്കൈ അടുപ്പിക്കയും ചെയ്യുന്നതായാൽ അയാൾക്കു് ന-ാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.


"കൈരളീകുസുമം" മാനേജർ,
Mannanam. മാന്നാനം.

Intending subscribers should send the amount of subscription in advance or they should specially ask the Magazine being sent as per V. P. Post. As a rule it is resolved that the Magazine will be sent per V. P. Post to the intending subscribers and to our permanent subscribers whose term of subscription expired in case if they have not remitted the amount of subscription in advance. Those who have any objection to this, should let us know of it beforehand.

MANAGER

മാസികവരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻക്രൂർ പണമയച്ചു് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്കു് ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻക്രൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.



പുസ്തകം ൫൦.) ഫർഫറ ഫെബ്രുവരി; ലക്കം ൨.

മംഗളം.

പാപത്താലുപമാനമറുലകിനുണ്ടായോരു ദുഷ്പാരമാ—
മാപത്താകെയൊഴിച്ചു നന്മനിതാം ചേർത്തീടുവാൻ മർത്യനായ്
താപത്തോടുദിച്ച ദൈവസുതനെന്നും തൻദയാപാംഗവി—
ക്ഷേപത്തോടു വരങ്ങളെന്നിലരുളിപ്പാലിക്കുമാറാകണം.

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

അഞ്ചുവിനാഴികപ്രസംഗം.

വിശ്വാസപ്രമാണം ൨-ംഭാഗം.

നമ്മുടെ കർത്താവായ തന്റെ ഏക പുത്രൻ ഈശോമിശിഹായിലും (ഞാൻ വിശ്വസിക്കുന്നു.)

വിശ്വാസപ്രമാണത്തിന്റെ ആദ്യഭാഗത്തിൽ പരിശുദ്ധത്രീത്വത്തിന്റെ ഒന്നാമാളായ പിതാവായ ദൈവത്തെ സംബന്ധിച്ചു നാം നിരൂപണം ചെയ്തു. ഇപ്പോൾ, ഈ രണ്ടാമത്തേതും ഇതിനു പിൻവരുന്നതുമായ ഭാഗങ്ങളിൽ, നമുക്കുവേണ്ടി മാനുഷാവതാരം ചെയ്ത രണ്ടാമത്തെ ദൈവയാളിനെ സംബന്ധിച്ചു പ്രതിപാദിപ്പാൻ പോകുന്നു.

അനുഗ്രഹിക്കപ്പെട്ട ത്രീത്വത്തിന്റെ രണ്ടാമത്തെ ആൾ ഈശോമിശിഹാ എന്നു കൂടെയും നാമമുള്ള പുത്രനായ ദൈവമാകുന്നു. എന്നാൽ ഈ രണ്ടാം പേർ തന്റെ മനുഷ്യാവതാരം വരെ—അതായതു പത്തൊമ്പതു ശതവർഷങ്ങൾക്കു മുമ്പ് അങ്ങനെ നമുക്കു വേണ്ടി മാനുഷനായ കാലംവരെ— അങ്ങേക്കു കൊടുക്കപ്പെട്ടിട്ടില്ലായിരുന്നു. ഈശോമിശിഹാ എന്ന നാമം ദൈവപുത്രന്റെ പ്രേഷണത്തെയും (ദൗത്യം) അങ്ങനെ ധരിച്ച സ്വഭാവത്തെയും സൂചിപ്പിക്കുന്നു. ഈശോ എന്ന നാമത്തിന്റെ അർത്ഥം രക്ഷകൻ എന്നാകുന്നു. കാരണമെന്തെന്നാൽ അങ്ങനെ ലോകത്തെ രക്ഷിപ്പാനായി വന്നു. ഇതു് അങ്ങേടെ നാമമായിരുന്നു. ക്രീസ്തു അഥവാ മശിഹാ എന്നതിന്റെ അർത്ഥം "അഭിഷിക്തൻ" അതായതു കർത്താവിനാൽ വിശിഷ്ടപൂവ്വം പൂശപ്പെട്ടവൻ എന്നാകുന്നു. എന്തെന്നാൽ അങ്ങനെ രാജാവായും പുരോഹിതനായും, പ്രവാചകനായും അ

ഭിഷേകം ചെയ്യപ്പെട്ടു. ഇതു അങ്ങേന്നു വഹിച്ച ത്രിവിധ സ്വഭാവ വിശേഷങ്ങൾ ആകുന്നു

ദൈവപുത്രൻ മാനുഷനായതുകൊണ്ടു ദൈവസ്വഭാവം കൈവിട്ടില്ല. അങ്ങേന്നു ദൈവവും അതെ സമയത്തുതന്നെ മാനുഷനും ആകുന്നു. ഇതിനാൽ അങ്ങേന്നു സാധാരണയായി 'നരദേവൻ' എന്നു വിളിക്കപ്പെട്ടവരുന്നു.

൫. അവൻ നമുക്കു തുല്യനായി സത്യമാനുഷനാകുന്നു. ഈ സ്വഭാവത്തിൽ അവൻ ബേത്ലഹെമിൽ പിറന്നതായും ഗ്ലീലായിലും, യൂദയായിലും ജീവിച്ചതായും ഓർശ്ലേമിൽ മരിച്ചതായും നാം അറിയുന്നു.

൬. അങ്ങേന്നു യഥാർത്ഥദൈവവുമാകുന്നു. ഈ നിലയിൽ അങ്ങേന്നു മനുഷ്യത്വത്തിന്റെ തിരശ്ശീലയിൽ പ്രച്ഛന്നനായിരുന്നാലും, ദൈവത്തിന്നു മാത്രം കഴിയുന്നവയും തന്റെ ദൈവത്തെ പ്രത്യക്ഷീകരിക്കുന്നവയും ആയ പ്രവൃത്തികളെ ചെയ്തതായി നാം അറിഞ്ഞിരിക്കുന്നു. 'പിതാവിന്റെ ഏകപുത്രനെന്നു സ്ഥിരീകരിക്കുന്ന ഒരു മഹിമയായി അവന്റെ മഹിമയെ ഞങ്ങൾ കണ്ടു' എന്നു വിശുദ്ധ യോഹന്നാൻ എഴുതിയിരിക്കുന്നു.

സംഗ്രഹിച്ചു പറയണമെങ്കിൽ, അങ്ങേന്നു പ്രത്യക്ഷത്തിൽ ദിവ്യമായ ഒരു ഉപദേശത്തെ പ്രസംഗിച്ചു. അങ്ങേന്നു സ്വപ്രകൃതിയോടും അജ്ഞാപിച്ചു. അങ്ങേന്നു സ്വപ്രോഗങ്ങളേയും ശമിപ്പിച്ചു. അങ്ങേന്നു മരിച്ചവരെ പുനർജ്ജീവിപ്പിച്ചു. അങ്ങേന്നു മരിച്ചവരിൽ നിന്നു ഉത്ഥാനം ചെയ്തു. അങ്ങേന്നു പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്തു എഴുന്നള്ളിയിരിപ്പാനായി സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്തു. ഇതിനാൽ അങ്ങേ മാനുഷസ്വഭാവം ഒരു തിരശ്ശീലയാകുന്നുവെങ്കിൽ ഇതു അങ്ങേ ദൈവത്വം സംബന്ധിച്ചു അല്പവും കാണിക്കുന്ന ഒരു പ്രസന്ന തിരശ്ശീലയാകുന്നു എന്നു പറയണം.

അവസാനമായി അങ്ങേന്നു താൻ പിതാവായ ദൈവത്തിന്റെ ഏകപുത്രനായ് സത്യദൈവമാകുന്നു എന്നു സ്പഷ്ടമായി പ്രസ്താവിച്ചു. അവിടെ നിന്നു സ്വർഗ്ഗാരോഹണംചെയ്യുംമുമ്പു ഭൂമിയിൽ അതിന്റെ സ്ഥാപകന്റെ ദൈവത്വത്തിന്നു ഒരു നിത്യസ്മാരകമായ തന്റെ വിശുദ്ധ സഭയെ സ്ഥാപിച്ചു. ഈ സഭയെ കാണിക്കയും ഇതിന്റെ ചരിത്രം പഠിക്കയും ചെയ്യുന്ന സകലബുദ്ധിയുള്ള ഏതുമനുഷ്യനും ഇതു ദൈവത്തിന്റെ പ്രവൃത്തിയാകുന്നു. [illegible] എന്നു നിലവിളിച്ചുപറയാതിരിക്കയില്ല.

ഇതുവരെത്തോളം 'തന്റെ ഏകപുത്രനായ ഈശോമ്ശിഹാ' എന്ന വാക്കുകളെക്കുറിച്ചു നാം പ്രതിപാദിച്ചു. ഇനി 'നമ്മുടെ കർത്താവ്' എന്ന വാക്കുകളെ സംബന്ധിച്ചു ആലോചിക്കാം.

ഈശോമ്ശിഹാ മഹത്തരങ്ങളായ ഉപകാരങ്ങളെ നമുക്കു ചെയ്തുവെന്നും, തൽമൂലം നാം അങ്ങേക്കു പരമനമസ്കാരങ്ങളെ ചെയ്വാൻ കടപ്പെട്ടവരാകുന്നു എന്നും 'നമ്മുടെ കർത്താവു' എന്ന വാക്കു നമ്മെ ഓർപ്പിക്കുന്നു. അങ്ങേന്നു നമുക്കു ചെയ്ത ഉപകാരങ്ങൾ (൫) നമ്മെ പഠിപ്പിപ്പാനായി അങ്ങേന്നു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നു. അജ്ഞാനലോകം, വിഗ്രഹാരാധനയുടെ അജ്ഞതയിലും തെറ്റുകളിലും മഗ്നമായി പരമസത്യഭാഗ്യം എവിടെ കണ്ടെത്തി എന്നറിയാതെ, വ്യർത്ഥമായി അന്വേഷിച്ചുവന്നു. ഇപ്പോഴും അനേകർ അന്വേഷിച്ചുവരികയും ചെയ്യുന്നു. എന്നാൽ നിത്യജ്ഞാനം മൂർത്തിരൂപേണ ഭൂമിയിൽ അവതരിച്ചു. സത്യത്തിന്റെ പീഠത്തിൽ എപ്രകാരമോ അപ്രകാരം മലമേൽ എഴുന്നള്ളിയിരുന്നുകൊണ്ടു, സുവിശേഷത്തിലെ ആ പ്രസിദ്ധമായുള്ള എട്ടു ഭാഗ്യങ്ങളെ സംബന്ധിച്ച വിലയറിയ ആ പ്രസംഗ

ത്തെ ഉപദേശിച്ചു. ഇങ്ങിനെ മനുഷ്യന്റെ യഥാർത്ഥമായുള്ള ഭാഗ്യത്തെ സംബന്ധിച്ച തർക്കം വ്യാഖ്യാനം ചെയ്കയും ചെയ്തു. (൨) അവൻ നമുക്കുവേണ്ടിയും നമ്മിൽ ഓരോരുത്തനുവേണ്ടിയും മരണം ഏറ്റു. അവന്റെ മരണം പിശാചിന്റെ ദാസ്യത്തിൽനിന്നും അതായതു പാപത്തിൽനിന്നും, പാപത്തിന്നു കടപ്പെട്ട നിത്യശിക്ഷയിൽ നിന്നും നമ്മെ രക്ഷിച്ചു. ഈശോമ്ശിഹാ പാപികളായ നമുക്കുവേണ്ടി മരിക്കാതെയിരുന്നുവെങ്കിൽ നാം നിശ്ചയമായി നശിച്ചുപോയെന്നു നാം എപ്പോഴും ഓർക്കേണ്ടതാകുന്നു.

(൩) നാം രക്ഷയുടെ മാർഗ്ഗം കണ്ടെത്തുന്നതിന്നായി അങ്ങുന്നു തിരുസ്സഭയെ ഏർപ്പെടുത്തി. വൻപ്രസാദത്തിന്റെ ശാശ്വത ഉറവകളായി ദേവദ്രവ്യങ്ങളായ ക്രമങ്ങളെ സ്ഥാപിച്ചു. ഈ ദേവദ്രവ്യങ്ങളിൽ വച്ചു് എത്രയും ആരാധനീയമായ വിശുദ്ധ കുർബ്ബാന, അങ്ങേ സ്നേഹത്തിന്റെയും അനുഗ്രഹങ്ങളുടെയും നിക്ഷേപങ്ങളെ എല്ലാം തന്നിൽ സംഭരിച്ചിരിക്കുന്ന ഒരു ക്രമാശയമാകുന്നു.

(൪) വർത്തമാന ജനസമുദായത്തിൽ നാം അനുഭവിച്ചുവരുന്ന ഗുണഗണങ്ങളെല്ലാം ക്രിസ്തുവാൽ അഥവാ മ്ശിഹായാൽ നമുക്കു ലഭിച്ചവകളല്ലയൊ? ക്രൈസ്തവമതത്തിന്റെ വെട്ടം ഇനിയും സ്വീകരിക്കാത്ത രാജ്യങ്ങളുടെ അവരിഷ്ടാരസ്ഥിതിയെ അറിയാത്തവരാർ? വാസ്തവത്തിൽ ക്രൈസ്തവനാഗരികതയുടെ പങ്കെങ്കിലും നമുക്കു കിട്ടാതിരുന്നെങ്കിൽ നാം ഇപ്പോഴും അജ്ഞാനതമസ്സിലും, വിഗ്രഹാരാധനയിലും, തൽഭവങ്ങളായ ക്രൂരാധിപത്യം, ദാസ്യത, അസ്വാതന്ത്ര്യമാദിയായ തിന്മകളിലും ദുഃഖങ്ങളിലും മഗ്നന്മാരായിരുന്നേനെ.

ഈശോമ്ശിഹാ ഇത്രയും ഉപകാരങ്ങളെ നമുക്കു ചെയ്തുകൂടാതെ ഏറിയ നന്മകളെ ഇനിയും നമുക്കു വാഗ്ദാനം ചെയ്തിട്ടുണ്ടു്.

൫. നമ്മുടെ മരണത്തിന്റെ ശേഷം അവസ്ഥാനീയങ്ങളായ ഭാഗ്യങ്ങളുടേയും സുഖങ്ങളുടേയും ഒരു രണ്ടാം ജീവൻ അങ്ങുന്നു നമുക്കു തരുവാനിരിക്കുന്നു.

൧. ഭൂമിയുടെ അവസാനനാളിൽ ഭസ്മമായി തീർന്ന നമ്മുടെ ശരീരങ്ങളുടെ പുനർജ്ജീവനത്തെക്കുടെയും അങ്ങുന്നു നമുക്കു വാഗ്ദത്തംചെയ്തിട്ടുണ്ടു്. ഈ കാരണങ്ങൾനിമിത്തമാകുന്നു നാം വിശ്വാസപ്രമാണത്തിൽ ഈശോമ്ശിഹായെ നമ്മുടെ കർത്താവു് എന്നു വിളിക്കുന്നതു്.

ആകയാൽ നാം കർത്താവിന്നു യോഗ്യമായ നമസ്കാരത്തേയും ബഹുമാനത്തേയും ഈശോമ്ശിഹായ്ക്കു കൊടുക്കണം. അങ്ങുന്നു ദൃശ്യമായ പ്രകാരത്തിൽ ഇപ്പോൾ ഭൂമിയിൽ ഇല്ലെങ്കിലും അദൃശ്യനായും തന്റെ മഹിമയെ മറച്ചുകൊണ്ടും ഭയം കൂടാതെ അടുത്തുചെല്ലുവാൻ നമ്മെ ക്ഷണിച്ചുകൊണ്ടും വിശുദ്ധ കുർബ്ബാനയിൽ ജീവിക്കുന്നവനായും അമർത്യനായും എഴുന്നള്ളിയിരിക്കുന്നു. അങ്ങുന്നു നമ്മുടെ ദൈവവും നമ്മുടെ കർത്താവും ആകുന്നുവെന്നു ദൃഢമായി വിശ്വസിച്ചുകൊണ്ടു നാം ചെല്ലുമ്പോഴും അങ്ങേ ചെന്നു സന്ദർശിക്കയും ആരാധിക്കയും വേണം. വിശേഷിച്ചു്, അവിടത്തെ അഞ്ചു മുറിവുകളേയും പ്രത്യേകിച്ചു അങ്ങേ ദിവ്യഹൃദയത്തേയും യോഗ്യതാപൂർവ്വം നാം ബഹുമാനിക്കയും, ഇവകൾ അങ്ങുന്നു നമുക്കു ചെയ്തിട്ടുള്ള ഉപകാരങ്ങളുടെ സ്മാരകങ്ങളായിരിക്കയാൽ ഇവ നമ്മെ ഓർപ്പിക്കുന്ന ആ ഉപകാരങ്ങൾക്കുവേണ്ടി നമ്മുടെ നന്ദിയെ നാം പ്രദർശിപ്പിക്കയും വേണം.

പ്രിയ സഹോദരന്മാരെ, നാം കർത്താവീശോമ്ശിഹായെ നാം ആരാധിക്ക, നാം സ്നേഹപൂർവ്വം അങ്ങേ ബഹുമാനിക്ക, നാം ഭക്തിപൂർവ്വം അങ്ങേ അഞ്ചു തിരുമുറിവുകളേയും അങ്ങേ പൂജ്യതമ ദിവ്യഹൃദയത്തേയും വണങ്ങുകയും ചെയ്ക.



II. സുവിശേഷവിവരണം.

൧൪ സ്വർഗ്ഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിലേക്കു വേലക്കാരെ കൂലിക്കു വിളിപ്പാൻ അതികാലത്തു പുറപ്പെട്ട വീട്ടെജമാനനായ ഒരു മനുഷ്യനു സദൃശമാകുന്നു. ൨ എന്നാൽ അവൻ വേലക്കാരോടു ദിവസക്കൂലിയായി ഓരോ ദെനാരി എന്ന നാണയം പറഞ്ഞൊത്തു അവരെ തന്റെ തോട്ടത്തിലേക്കയച്ചു. ൩ പിന്നെ അവൻ മൂന്നാംമണിക്കു പുറപ്പെട്ടു മറ്റു ചിലർ ചന്തസ്ഥലത്തു മിനക്കെട്ടു നിൽക്കുന്നതു കണ്ടു ൪ നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു പോകുവിൻ! ന്യായപ്രകാരമുള്ളതു ഞാൻ നിങ്ങൾക്കു തരാം എന്നു അവരോടു പറഞ്ഞു. ൫ എന്നാറെ അവർ പോയി. എന്നാൽ അവൻ വീണ്ടും ആറാം മണിക്കും ഒമ്പതാംമണിക്കും പുറപ്പെട്ടു അപ്രകാരം തന്നെ ചെയ്തു. ൬ പിന്നെ അവൻ പതിനൊന്നാമണിക്കു പുറപ്പെട്ടു മറ്റു ചിലർ നിൽക്കുന്നതു കണ്ടു് അവരോടു, നിങ്ങൾ ദിവസം മുഴുവനും ഇവിടെ മിനക്കേടായി നിൽക്കുന്നതു എന്തു എന്നു പറഞ്ഞു. ൭ അവർ അവനോടു, ആരും ഞങ്ങളെ കൂലിക്കു വിളിക്കായ്കകൊണ്ടത്രെ എന്നു പറയുന്നു. അവൻ അവരോടു നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു പോകുവിൻ എന്നു പറയുന്നു. ൮ എന്നാൽ വൈകുന്നേരമായപ്പോൾ മുന്തിരിത്തോട്ടത്തിന്റെ ഉടയക്കാരൻ തന്റെ വിചാരിപ്പുകാരനോടു് നീ വേലക്കാരെ വിളിച്ചു പിമ്പന്മാർ തുടങ്ങി മുമ്പന്മാർ വരെയും അവർക്കു കൂലികൊടുക്ക എന്നു പറയുന്നു. ൯ ആകയാൽ പതിനൊന്നാംമണിക്കു വന്നിരുന്നവർ ചെല്ലുകയിൽ, ഓരോ ദെനാരി നാണയം അവർക്കു കിട്ടി. ൧൦ പിന്നെ മുമ്പന്മാരും വന്നു് തങ്ങൾക്കു അധികം കിട്ടുമെന്നു നിരൂപിച്ചിരുന്നു. എന്നാൽ അവർക്കും ഓരോ ദെനാരി നാണയം കിട്ടി. ൧൧ അവർ (അതു) വാങ്ങി വീട്ടെജമാനന്റെ നേരെ പിറുപിറുത്തു. ൧൨ ഈ പിമ്പന്മാർ ഒരു മണിനേരം മാത്രം വേല ചെയ്തു; നീ ഇവരെ പകലിലെ ഭാരവും ഉഷ്ണവും സഹിച്ചവരായ ഞങ്ങളോടു സമമാക്കിയല്ലൊ എന്നു പറഞ്ഞിരുന്നു. ൧൩ എന്നാറെ അവൻ അവരിൽ ഒരുത്തനോടു ഉത്തരമായി, സ്നേഹിതാ! ഞാൻ നിന്നോടു അന്യായം ചെയ്യുന്നില്ല; നീ എന്നോടു ഒരു ദെനാരി നാണയത്തിന്നു സമ്മതിച്ചില്ലയൊ? ൧൪ നിനക്കുള്ളതു നീ വാങ്ങിക്കൊണ്ടുപോക; എനിക്കു നിനക്കു് തന്നതുപോലെ ഈ പിമ്പനും കൊടുപ്പാൻ ഞാൻ മനസ്സാകുന്നു. ൧൫ അല്ലെങ്കിൽ എന്റെ വസ്തുകൊണ്ടു ഇനിക്കു മനസ്സുപോലെ ചെയ്യുകൂടയൊ? ഞാൻ നല്ലവനാകകൊണ്ടു നിന്റെ കണ്ണു ദോഷമുള്ളതാകുന്നൊ? ൧൬ ഇപ്രകാരം പിമ്പന്മാർ മുമ്പന്മാരും, മുമ്പന്മാർ പിമ്പന്മാരും ആകും" വിശുദ്ധമന്ത്രായി ൨൦. ഫ. ഫന്നു.

വിവരണം— ഈ ഉപമയിൽ നമ്മുടെ കർത്താവു അരുളിചെയ്യുന്ന വീട്ടെജമാനൻ ദൈവമാകുന്നു. വേലക്കാർ മനുഷ്യരും, തോട്ടം ഓരോരുത്തന്റെ ആത്മാവുമാകുന്നു. ഈ ഉപമയുടെ താല്പര്യം ഓരോരുത്തക്കു മോക്ഷാനന്ദഭാഗ്യം അഥവാ നിത്യായുസ്സു് സിദ്ധിക്ക

ന്നതു ഓരോരുത്തർ എത്രനേരം വേല ചെയ്യു എന്നു നോക്കീട്ടല്ല, എത്രമാത്രം വേലയെടുത്തു എന്നു നോക്കീട്ടത്രെ എന്നു പഠിപ്പിപ്പാനാണ്. എന്തെന്നാൽ പലപ്പോഴും ഒരുത്തൻ ഒരു ദിവസം കൊണ്ടു ചെയ്യുന്നതു മറ്റൊരുത്തൻ ഒരു മണിക്കൂർ കൊണ്ടു നിവർത്തിപ്പാൻ പാടുണ്ട്. അതിനാൽ വേലയുടെ സ്ഥിതിക്കു ഇരുവർക്കും ക്രമേണ സമമായിരിക്കും. ഉപമയിൽ പറയപ്പെട്ടുന്ന ദിവസം മനുഷ്യന്റെ ആയുഷ്കാലവും, മണിക്കൂറുകൾ യൌവനം, പൌരുഷം, വാർദ്ധക്യം മുതലായ പ്രായഭേദങ്ങളുമാണ്. വൈകുന്നേരം എന്നതു മരണസമയത്തെയും ഒടുക്കത്തെ വിധിദിവസത്തെയും സൂചിപ്പിക്കുന്നു. ഈ ഉപമയിൽനിന്നു ഗ്രഹിക്കാവുന്നതുപോലെ ദീർഘകാലം പുണ്യമായി ജീവിക്കുന്ന ഒരുത്തൻ ശ്രേഷ്ഠകാന്തിക്കുറവു നിമിത്തം പിൻകാലത്തു മനസ്സുതിരിഞ്ഞു ഉത്തമ ശ്രേഷ്ഠകാന്തിയോടെ പുണ്യത്തിൽ വർദ്ധിക്കുന്ന മറ്റൊരുത്തന്റെ പുറകായിരിക്കുന്നതാണ്. വിശുദ്ധ മാർ ആഗസ്തീനോസ് മല്ലാൻ അല്പം താമസിച്ചാണു തുടങ്ങിയതു്. എന്നാലും അനേകായിരം പഴയ നീതിമാന്മാരെക്കാൾ മുമ്പനായി തീർന്നു. ഈ ഉപമ ഉത്തമ മനസ്സാപമുള്ളവർക്കും പുണ്യത്തിൽ വർദ്ധിക്കണമെന്നു ആഗ്രഹിച്ചു ഉത്സാഹിക്കുന്നവർക്കും മഹാ ആശ്വാസം വരുത്തുമാറാകുന്നു. എന്തെന്നാൽ കാലത്തിന്റെ ദീർഘത നോക്കിയല്ല, പുണ്യയോഗ്യതയും സമ്മാനവും ഉണ്ടാകുന്നതു്. പിന്നെയോ സ്നേഹാധിക്യവും പ്രവൃത്തിയുടെ ശക്തിയും ശുദ്ധനിയോഗങ്ങളും പോലെയാണ്. അല്പമായ പാപത്തിൽ കാലവ്യയം ചെയ്യുവർ അത്യുത്സാഹത്തോടെ തുടങ്ങുവാനും ദീർഘകാലമായി പുണ്യജീവിതം കഴിക്കുന്നവർ മഹാ ആപല്കരമായ മന്ദജീവിതത്തിൽ വീഴാതിരിപ്പാനും അത്യന്ത താല്പര്യം വേണ്ടതാണ്. വിശേഷിച്ചും അധിക പുണ്യയോഗ്യതയുള്ളവനും കുറച്ചുമാത്രം യോഗ്യതയുള്ളവനും സമ്മാനം ശരിയാണെന്നു ഭാഷതപ്പായി ആരും വിചാരിച്ചുപോകരുതു. ഈ ഉപമയുടെ ഉദ്ദേശം അതല്ല. നീതിമാന്മാർക്കു എല്ലാവർക്കും നിത്യായുസ്സ് ലഭിക്കുമെങ്കിലും അതിൽ മോക്ഷമഹിമയുടെ അനേക മുടികളും അനേക പദവികളുമുണ്ട്. ആകാശത്തിൽ ഒരു നക്ഷത്രം മറ്റു നക്ഷത്രത്തെക്കാൾ അധികം ശോഭിക്കുന്നതുപോലെ നിത്യായുസ്സിൽ അധിക യോഗ്യതയുള്ള ഒരു പരിശുദ്ധൻ യോഗ്യതകുറഞ്ഞ മറ്റൊരു പരിശുദ്ധനെക്കാൾ അധികം ശോഭിക്കുമെന്നതു ഭേദമില്ലാത്ത സത്യമാണ്.

ഫ. ൨. ൧൯൨൯.

III. പുണ്യപരീക്ഷ.

ധൈര്യം.

ദൈവിക പുണ്യങ്ങളായ വിശ്വാസം, ആശ, (ശരണം) സ്നേഹം, (ഉപവി) എന്ന മൂന്നു പുണ്യങ്ങളേയും സാന്മാർഗ്ഗിക പുണ്യങ്ങളുടെ നാലു പ്രധാന മൂലങ്ങളായ വിവേകം, നീതി, ധൈര്യം, മിതം എന്ന പുണ്യങ്ങളിൽ ആദ്യത്തെ രണ്ടിനേയും സംബന്ധിച്ചു സംക്ഷേപമായുള്ള ഒരു വിമർശനം അവസാനിപ്പിച്ചിരിക്കയാൽ ഇപ്പോൾ ശേഷിച്ചിരിക്കുന്ന രണ്ടു പ്രധാന പുണ്യങ്ങളെ സംബന്ധിച്ചു പറവാൻ പോകുന്നു.

൩. ധൈര്യം പ്രധാന പുണ്യങ്ങളിൽ മൂന്നാം സ്ഥാനത്തു വരുന്നു. ഇതു വളരെ ആവശ്യമുള്ള ഒരു പുണ്യമാകുന്നു. ഇപ്പോൾ മനുഷ്യന്റെ സ്വഭാവം നന്മയിലേക്കുള്ളതിൽ അധികം തിന്മയിലേക്കു ചാഞ്ഞതാകുന്നു. ആകയാൽ ഒരു നദിയിൽ കേറിപോകുവാൻ എത്ര പ്രയാസമുണ്ടോ അത്രയും പുണ്യപ്രവൃത്തികളെ ചെയ്യാനും അവയെ സംരക്ഷിപ്പാനും മനുഷ്യർക്കു വിഷമമുണ്ട്. ഈ വിഷമത്തെ ജയിപ്പാൻ ധൈര്യം അത്ര

വാ ആത്മശക്തി അത്യാവശ്യകമായ ഒരു പുണ്യമാകുന്നു. എന്തെന്നാൽ ദൈവത്തിന്റെ നേരേയാകട്ടെ, നമ്മുടെ അയൽക്കാരുടെ നേരേയാകട്ടെ, നമ്മുടെ നേരെയാകട്ടെ വിശ്വാസം അഥവാ ബുദ്ധി നമ്മോട് കല്പിക്കുന്ന കടമകളെ നിവ്വഹിക്കുന്നതിൽ നേരിടാവുന്ന അപകടങ്ങളേയും, പ്രയാസങ്ങളേയും എതൃത്തു ജയിക്കുന്നതിനു ആത്മശക്തി അഥവാ ധൈര്യം നമ്മെ അത്യന്തം സഹായിക്കുന്ന ഒരു പുണ്യമാകുന്നു.

ധൈര്യം, നമ്മെ പ്രവത്തിക്കുന്നതിൽ ഉള്ള ആത്മശക്തിയാകുന്നു എന്നു വിസ്തരിച്ചതിൽ പറയപ്പെട്ടുവല്ലോ. എങ്കിലും സൂക്ഷ്മാർത്ഥത്തിൽ ധൈര്യം, ദൈവത്തെ പ്രതി മരണാപകടം ആദിയായ ദുഷ്കരങ്ങളും വിഷമങ്ങളും ആയ കായ്ക്കങ്ങളെ നേരിട്ടു സഹിക്കുന്നതിൽ ആത്മാവിന്റെ ആശകളേയും തൽസംബന്ധങ്ങളായ പ്രവൃത്തികളേയും ക്രമീകരിക്കുന്ന ഒരു പുണ്യമാകുന്നു. അഥവാ ഭയങ്കരങ്ങളായ കായ്ക്കങ്ങളേയും പ്രത്യേകം മരണാപത്തുകളേയും സഹിക്കുന്നതിലൊ, തള്ളുന്നതിലൊ മനസ്സിന്റെ വികാരങ്ങളെ ക്രമപ്പെടുത്തുന്ന ഒരു പുണ്യമാകുന്നു.

ധൈര്യത്തിന്റെ അകന്ന വിഷയം പ്രവത്തിപ്പാൻ വിഷമമുള്ളവയും, പ്രയാസമുള്ളവയുമായ കായ്ക്കങ്ങൾ, പ്രത്യേകം മരണഹേതുക്കളായ അപകടങ്ങളാകുന്നു. അടുത്ത വിഷയം ഭയത്തിന്റെയും, സാഹസത്തിന്റെയും, ക്ലേശത്തിന്റെയും ഇളക്കങ്ങളെ ക്രമപ്പെടുത്തുന്നതാകുന്നു. ധൈര്യത്തിന്റെ രണ്ടു പ്രവൃത്തികൾ മനസ്ഥിരതയോടെ വിഷമമുള്ള കായ്ക്കങ്ങളെ ആരംഭിക്കുന്നതും സഹിക്കുന്നതും ആകുന്നു. ഇതിനാൽ ധൈര്യം ആത്മാവിന്റെ വാളും പരിശയുമാകുന്നെന്നു പറയപ്പെട്ടുന്നു. ശില്പവിദ്യക്കു കല്ലും മരവും എങ്ങനെയൊ അപ്രകാരം പുണ്യാഭ്യസനത്തിൽ ബാഹ്യപ്രവൃത്തികളും ആശകളും ആകുന്നു. പ്രതിമനിർമ്മാണവിദ്യ മരത്തിൽ അഥവാ കല്ലിൽ തന്റെ സാദൃശ്യം പതിപ്പാൻ ശ്രമിക്കുന്നവോലെ സന്മാർഗ്ഗപുണ്യവും ആത്മാവിന്റെ പക്ഷങ്ങളിലും ബാഹ്യപ്രവൃത്തികളിലും തന്റെ പ്രതിമയെ പതിപ്പാൻ ശ്രമിക്കുന്നു.

ധൈര്യത്തിന്റെ വീരതമപ്രവൃത്തി, വേദസാക്ഷിത്വം അഥവാ രക്തസാക്ഷിത്വമാകുന്നു. വേദസാക്ഷിത്വം എന്നതു മിശിഹായിലുള്ള വിശ്വാസത്തെ പ്രതി അല്ലെങ്കിൽ ഒരു ക്രിസ്തീയ പുണ്യത്തെ പ്രതി മരണത്തെ അഥവാ മരണകരമായ പീഡയെ സഹിക്കുന്നതാകുന്നു. വേദസാക്ഷിത്വത്തിനു, ബുദ്ധിയുടെ ഉപയോഗം ഇല്ലാത്ത ഉണ്ണികളായിരുന്നാൽ ഇവർ വേദത്തെ പ്രതി കൊല്ലപ്പെട്ടുക മാത്രം മതിയായിരിക്കുന്നു.

ദൃഢവിശ്വാസം, മാഹാത്മ്യം, ക്ഷമ, സ്ഥിരബുദ്ധി, ഉദാരബുദ്ധി, നിഷ്ഠയത്വം, സ്ഥൈര്യം, ദീർഘശാന്തത ഇവകൾ ധൈര്യമെന്ന പ്രധാന പുണ്യത്തെ സംബന്ധിച്ച ശാഖാപുണ്യങ്ങളാകുന്നു. ഇവയൊരോന്നിനെ സംബന്ധിച്ചു അടുത്ത അവസരത്തിൽ സംക്ഷേപമായി എങ്കിലും വാദിക്കണം എന്നു വിചാരിക്കുന്നു.

അവസാനമായി ജ്ഞാനാഗമം നാലു പ്രധാന പുണ്യങ്ങളെ ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നതിനെ ഇവിടെ ഉദാഹരിച്ചുകൊണ്ടു അവസാനിപ്പിക്കുന്നു. "പരിമിതതയേയും, വിവേകത്തേയും, നീതിയേയും, ശക്തിയേയും, ജ്ഞാനം പഠിപ്പിക്കുന്ന ഇവയേക്കാൾ മനുഷ്യക്കു ജീവിതത്തിൽ ഏറ്റം ഉപകാരമായുള്ളതു ഒന്നുമില്ല." ജ്ഞാന വു— ൿ—

ץצפב .2 .ם

IV. സകല അനുഗ്രഹങ്ങളുടേയും ഉറവയായ ഈശോയുടെ തിരുഹൃദയം.

(തുടർച്ച.)

"ഈ വലിയ ഞെരുക്കങ്ങളിൽ ദൈവം ഒരു അസാധാരണ രക്ഷാകരമാർഗ്ഗത്തെ ഇനിക്കു കാണിച്ചുതന്നു. എങ്ങിനെയെന്നാൽ, ഇംഗ്ലണ്ടിലെ ലിവെർപ്പൂൾ എന്ന പട്ടണത്തിൽ ഇനിക്കു ഒരു മാതുസോദരൻ ഉണ്ടായിരുന്നു. ഇയാൾ, എന്റെ വേദത്തെപ്രതി ഞാൻ അധികമായി ഞെരുക്കപ്പെടുന്നുവെന്നു കേട്ടു എന്റെനേരെ വലിയ അനുകമ്പതോന്നി എന്നെ സഹായിച്ചു രക്ഷിക്കുന്നതിനു ശ്രമിച്ചു. ഇയ്യാളുടെ സാമർത്ഥ്യത്താൽ ഞാൻ എന്റെ മൂന്നു മക്കളോടുംകൂടെ ഡബ്ലിനിൽ നിന്നു റിഷ്പ്രയാസേന ലിവെർപ്പൂളിൽ എത്തി. അദ്ദേഹം ഞങ്ങളെ സദയം കൈക്കൊണ്ടു, തന്റെ വീട്ടിൽ പാർത്തുകൊള്ളുന്നതിനു അനുവദിക്കയും, ഞങ്ങൾക്കു വേണ്ട സഹായങ്ങളൊക്കെയും ചെയ്തുതരികയും ചെയ്തു. എന്നാൽ സാഹചര്യങ്ങൾ നോക്കിയതിൽ ലിവെർപ്പൂളിൽ നിർഭയം വസിപ്പാൻ പാടില്ലെന്നു ഇനിക്കു തോന്നുകയാൽ എങ്ങിനെയെങ്കിലും ഇംഗ്ലണ്ടിൽ നിന്നും പ്രാൻസിലേക്കു കടക്കണമെന്നു നിശ്ചയിച്ചു, തന്റെ കാര്യസാദ്ധ്യത്തിന്നായി ഞങ്ങളോടുകൂടെ ലണ്ടൻവരെ പോരെണമെന്നു ഞാൻ അദ്ദേഹത്തോടു സവിനയമപേക്ഷിച്ചു." "ഞങ്ങളുടെ യാത്ര എത്രയും പെട്ടെന്നായിരുന്നതിനാൽ, എന്നെ സത്യസഭയിലേക്കു കൈക്കൊണ്ട നി. വ. ദിവ്യശ്രീ ജില്ലിസ് മെത്രാനോടു ഒന്നാലോചിക്കുന്നതിനു ഇനിക്കു സൌകര്യവും സമയവും കിട്ടിയില്ല. ഞാൻ എന്നെത്തന്നെയും, എന്റെ മക്കളേയും ദൈവാനുഗ്രഹത്തിന്നും, സകല വിശുദ്ധരുടേയും സഹായത്തിന്നും ഭരമേല്പിച്ചിട്ടുണ്ടായിരുന്നു. എങ്കിലും എന്റെ സ്നേഹിതനായ ടി. മെത്രാനോടു ഒന്നാലോചിപ്പാൻ ഇടയില്ലല്ലൊ എന്ന വിചാരം എന്നെ സചലം ക്ലേശിപ്പിച്ചിരുന്നു എന്നാൽ ഞങ്ങൾ സവാരി ചെയ്തിരുന്ന തീവണ്ടി ക്രീവ് എന്ന സ്ഥലത്തു് എത്തിയപ്പോൾ, ലണ്ടനിൽനിന്നു പുറപ്പെട്ട ഒരു പ്രത്യേക തീവണ്ടിയും അവിടെ വന്നുചേരുന്നതിന്നിടയായി. അത്യാശ്ചര്യമെ! അതിൽ എന്റെ പ്രേമസ്നേഹിതനായ ജില്ലിസ് മെത്രാൻ ഇരിക്കുന്നതു ഞാൻ കണ്ടു. മന്ദഗതിയിൽ പോയിരുന്ന എന്റെ തീവണ്ടിയിൽനിന്നു് ഉടൻ ഞാൻ പുറത്തു ചാടി മെത്രാനു വന്ദനം പറഞ്ഞു. അപ്പോൾ "എന്റെ വാത്സല്യമകളെ! നിന്നെ ഇവിടെക്കണ്ടതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. നീ ഇവിടെ വരുവാനുള്ള കാരണമെന്താകുന്നു?" എന്നു മെത്രാൻ ചോദിച്ചു. ആയതിന്നു് "എന്റെ പിതാവെ! എന്റെ ഭർത്തൃമാതാപിതാക്കൾ എന്റെ മക്കളെ എന്നിൽ നിന്നകറ്റുവാൻ ആഗ്രഹിച്ചു താല്പര്യപ്പെടുന്നതിനാൽ ഞാൻ എന്റെ നാട്ടുവിട്ടു ഓടിപ്പോകയാകുന്നു. ഞാൻ ഈവഴി പ്രാൻസിലേക്കുതന്നെ പോകുന്നതു്. അവിടെ ഇവരെ കത്തോലിക്കരായി വളർത്താമല്ലൊ. ഞാൻ ഈ ചെയ്യുന്നതു് ദൈവതിരുച്ചിത്തത്തിനു യോജിക്കുന്തായെന്നു് അങ്ങുന്നു ദയവായി അറിയിച്ചുതരുവാറാകണം" എന്നു ഞാൻ അപേക്ഷിച്ചു. ഉടൻ ആ വന്ദ്യപുരോഹിത ശ്രേഷ്ഠൻ ഉത്തരിച്ചതായതു്: "അതെ ഇതു ദൈവതിരുമനസ്സുതന്നെ. സ്വർഗ്ഗത്തിന്റെ നാമത്തിൽ നീ പൊയ്ക്കൊൾക അവിടുന്നു നിന്റെ ഈ യാത്രയിലും നിന്റെ ഭവിഷ്യവാസസ്ഥലത്തും നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ." തൽക്ഷണം ഞാൻ മുട്ടുകുത്തി, എന്റെ മൂന്നു ചെറിയ കുട്ടികളേയും അരികെ വിളിച്ചു നിത്തി "പിതാവെ! ഞങ്ങൾക്കു് അങ്ങേ ആശീർവ്വാദം തരേണമെ" എന്നു് അപേക്ഷിച്ചു. ഇതിങ്കൽ ആ വന്ദ്യമെത്രാൻ ഞങ്ങളെ ആശീർവ്വദിച്ചു ഞങ്ങളോടു സംസ്നി

പറഞ്ഞുപിരിഞ്ഞു. ഞാൻ തിവണ്ടിയാപ്പീസിന്റെമുമ്പിൽ തന്നെ നില്ക്കയിൽ അദ്ദേഹത്തിന്റെ വണ്ടി നീങ്ങി. ഈ പൂജ്യന്റെ അംഗീകരണവും ആശീർവ്വാദവും ലഭിക്കുന്നതിനുള്ള വലിയ ഭാഗ്യം സിദ്ധിച്ചതിൽ ഞാൻ അത്യന്തം സന്തോഷിച്ചു. ഞങ്ങൾ യാത്രതുടർന്നു ലണ്ടനിൽ എത്തി. ഇംഗ്ലണ്ടിനോട് ഏതുയും അടുത്ത പ്രാൻസിന്റെ തുറമുഖമായ 'കലൈ'ക്കുള്ള യാത്രക്കപ്പലിൽ പോകുന്നതിനു ഞങ്ങൾക്കു വേണ്ട സകല ഏർപ്പാടുകളും ചെയ്തതിനുശേഷം എന്റെ നല്ല മാതൃസഹോദരൻ ലണ്ടനിൽവച്ചു ഞങ്ങളെ വിട്ടുപിരിഞ്ഞു.

"നിരാശ്രയയും, ഗതിയറ്റവളുമായ ഞാൻ വ്യസനഹൃദയത്തോടെ പ്രാൻസിലെത്തി. എന്നാൽ ദൈവം ഞങ്ങളെ ഉപേക്ഷിച്ചില്ല. സർവ്വേശ്വരൻ ഇന്നിയ്ക്കും അനാഥരായ എന്റെ കുട്ടികൾക്കും ചെയ്ത നിരവധി അത്ഭുത പ്രവൃത്തികളുടെ നൂറിൽ ഒരംശം എങ്കിലും വിവരിക്കണമെങ്കിൽ ദൈവപ്രബുദ്ധനായ ഒരു ദീർഘദർശിയുടെയോ, വന്ദ്യയോഗ്യനായ ഒരു പ്രാസംഗികന്റെയോ വാചാലത ഇനിക്കുവേണ്ടിയിരിക്കുന്നു. അവിടുന്നു ഞങ്ങളുടെ ശരീരരക്ഷകാവശ്യമായവകളോടുകൂടെ മനസ്സന്തോഷത്തേയും ഹൃദയസമാധാനത്തേയും കൂടെ എല്ലായ്പോഴും ഞങ്ങൾക്കു സമൃദ്ധിയായി തന്നിരുന്നു. അങ്ങേ പരിപാലനയിൽ നിന്നു ഞാൻ അനുഗ്രഹങ്ങളെ കൈക്കൊള്ളാത്ത ഒരുദിവസംപോലും ഇല്ലായിരുന്നു. ഞങ്ങൾ പോയിരുന്ന പട്ടണങ്ങളിലെല്ലാം ഞങ്ങൾക്കു പാർക്കുന്നതിനു തക്ക വീടുകൾ നിഷ്പ്രയാസേന കിട്ടിയിരുന്നു. എന്നുമല്ല, കത്തോലിക്കരായ പട്ടണവാസികൾ ഞങ്ങളെ സന്തുഷ്ടരും സൌഭാഗ്യസമ്പന്നരും ആക്കിത്തീർക്കുന്നതിനു ബദ്ധശ്രദ്ധരായിരുന്നു. തങ്ങളുടെ മക്കളെ വിദ്യ അഭ്യസിപ്പിക്കേണ്ടതിനു തക്കതായ ഒരു നല്ല കത്തോലിക്കസ്ഥാപനം തങ്ങൾ കാണുന്നില്ലെന്നു പല മാതാക്കളും എന്നോടു സങ്കടം പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ട്. എന്നാൽ എന്റെ കുട്ടികൾക്കു ഈവിധ ഒരു സ്ഥാപനംകൊണ്ടുള്ള ആവശ്യം നേരിട്ടുപ്പാൾ, 'എന്റെ അനേഷണത്തിൽ എന്നെ സഹായിക്കേണമെ' എന്നു ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു് ഒരു നല്ല കത്തോലിക്കവിദ്യാർത്ഥി സത്രം അനേഷിക്കുന്നതിനായി ഞാൻ പുറപ്പെട്ടു. താമസമെന്യെ വളരെ വിശേഷമായ ഈവിധാ ഒരു ഗൃഹം കണ്ടുകിട്ടിയതിനാൽ ഞാൻ എന്റെ ഇരുപുത്രരേയും അവിടെ കൊണ്ടുചെന്നാക്കി. ഞാൻ ഇങ്ങിനെ ഒരു സ്ഥലം കണ്ടെത്തിയതിങ്കൽ എന്നോടു മുമ്പു സങ്കടം പറഞ്ഞിട്ടുള്ള മാതാക്കൾക്കും അത്യന്ത സന്തോഷമുണ്ടായി എന്നു പറയണമെന്നില്ലല്ലൊ. ഈ പതിനേഴു സംവത്സരങ്ങൾക്കിടയിൽ ഇനിക്കു സംഭവിച്ചവകൾ ഇപ്രകാരമത്രെ. ദൈവം എത്രയും സാരവും, ഘനവും വിശിഷ്ടവും അത്യന്താശ്ചര്യകരവുമായ തന്റെ അനുഗ്രഹങ്ങളെ എന്റെമേലും എന്റെ മക്കളുടെ മേലും ധാരാളമായി വർഷിപ്പിച്ചു. ഇവകളോടു ഒപ്പിച്ചുനോക്കിയാൽ ഞാൻ സഹിച്ചിട്ടുള്ള പരീക്ഷാശൃംഖലികൾ തുലോം നിസ്സാരമായവയാകുന്നു. കരുണാനിധിയായ എന്റെ ദൈവത്തിന്റെ കാരുണ്യപ്രവൃത്തികളെ സദാ സ്തുതിക്കാതിരിപ്പാൻ ഇനിക്കു വയ്യാ. എന്തെന്നാൽ കർത്താവിന്റെ നാമം മധുരമുള്ളതും അങ്ങേക്കു മടുപ്പുഭാരം കുറഞ്ഞതും ആകുന്നു." ഇപ്രകാരമായിരുന്നു മൊൻസിഞ്ഞോർ മേർമില്ലോഡിനുള്ള എഴുത്തു്.

ഇവളുടെ മൂന്നു മക്കളിൽ പുത്രി ഏഴു വയസ്സിൽ മരിച്ചു. ശേഷമുള്ള പുത്രന്മാർ ഇരുവരും വളർന്നു്, സമർത്ഥരായ ശാസ്ത്രജ്ഞരും നല്ല തീക്ഷ്ണതയുള്ള കത്തോലിക്കരുമായി തീർന്നു. ഇവരുടെ പരാക്രമമാവു്, ഇവരുടെ ഹൃദയങ്ങളിൽ വിതച്ച നല്ല വിത്തു് നല്ല

പോലെ വളന്ന് സമൃദ്ധിയായ ഫലം പുറപ്പെടുവിച്ചു. ഇരുപത്തു വയസ്സു തികയുംമുമ്പു ഇവർ രണ്ടുപേരും തങ്ങളെത്തന്നെ ഈശോയുടെ തിരുഹൃദയത്തിന്നു ഹോമബലികളായി സമർപ്പിച്ചു് ഒരു സന്ന്യാസസഭയിൽ പ്രവേശിച്ചു. തന്റെ വാർദ്ധക്യകാലത്തേയ്ക്കുള്ള ഏകശരണമായ ഈ വാത്സല്യപുത്രരെ വിട്ടു പിരിയുന്നതിനു, ഇവരുടെ മാതാവിന്നു യാതൊരു സങ്കടവും വിസമ്മതവുമില്ലായിരുന്നു. ഇപ്രകാരം ചെയ്യാനിടയായ്തു തനിക്കൊരു വലിയ ഭാഗ്യമത്രെയെന്നവൾ വിചാരിച്ചിരുന്നു. എന്തെന്നാൽ ദിവ്യ ഈശോ ഇവരെ അവൾക്കു വായ്പയായിട്ടെന്നപോലെ മാത്രം കൊടുത്തിരുന്നതത്രെ എന്നു അവൾ നന്നായി ഗ്രഹിച്ചിരുന്നു. ആകയാൽ തന്റെ വിശ്വാസത്തേയും നിത്യജീവന്നുള്ള തന്റെ പ്രത്യാശയേയും ശേഷമെല്ലാവരേയുമെയും ഈശോയുടെ തിരുഹൃദയത്തിൽ നിന്നു അവൾ കൈക്കൊണ്ടിരുന്നതിനാൽ, ആ ദിവ്യഹൃദയത്തിന്നു ഈ പുത്രരെ തിരികെ കൊടുക്കുന്നതിൽ അവൾക്കു ദുഃഖമല്ല, സന്തോഷവും തൃപ്തിയുമത്രെ ഉണ്ടായിരുന്നതു്.

പ്രിയ വായനക്കാരെ! സത്യമേതെന്നു അറിയുന്നതിനു താല്പര്യമായി നാം അന്വേഷിക്കേണ്ടതാണെന്നും സത്യമേതെന്നറിഞ്ഞാൽ പിന്നീടു എന്തെല്ലാം വിരോധങ്ങളും ദുഃഖാനുഭവങ്ങളും നേരിട്ടാലും അവയെല്ലാം അഗണ്യമാക്കി സദാ സത്യത്തെ പിഞ്ചെല്ലുവാൻ ശ്രമിക്കേണ്ടതാണെന്നും കാണിക്കുന്നതിനു ഈ മിസ്സസ് ഫാന്നിപേയ്റ്റന്റെ ആദ്യം മുതൽ അവസാനം വരെയുള്ള ധീരപ്രവൃത്തികൾ ഒരുത്തമദൃഷ്ടാന്തമായിരിക്കട്ടെ

.2 ٢٥٤٤٤

V. ഒരു അത്ഭുതം.

ഫ്രഞ്ചുരാജ്യത്തുള്ള ദൊനുവെ (Donuai) എന്ന ഗ്രാമത്തിൽ വിശുദ്ധ അമാത്തിന്റെ പള്ളിയിൽ താഴെ വിവരിക്കപ്പെടുന്ന വലിയ അത്ഭുതം സംഭവിച്ചു. ഒരു പട്ടക്കാരൻ വിശ്വാസികൾക്കു വിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചുകൊടുക്കയിൽ ഒരു പർത്തീഞ്ഞു നിലത്തുവീണുകിടക്കുന്നതുകണ്ടു. ഉടനെ പട്ടക്കാരൻ മഹാ വണക്കത്തോടെ ഈ പർത്തീഞ്ഞു എടുക്കുന്നതിനായി കുനിഞ്ഞു. എന്നാൽ പട്ടക്കാരൻ എടുക്കുന്നതിനുമുമ്പിൽ പർത്തീഞ്ഞുതന്നെ എടവിധാനത്തിൽ പൊങ്ങി അൾത്താരിയിലുള്ള കെത്താനായിലേക്കു എഴുന്നള്ളിയിരുന്നു. എഴുന്നള്ളിയിരുന്ന സ്ഥലത്തു ഏറ്റവും വടിവലങ്കാരമുള്ള ഒരുണ്ണി പ്രത്യക്ഷനായി. ഉടനെ നാലാഭാഗത്തുനിന്നും വളരെ ജനങ്ങളും അനേകം പട്ടക്കാരും ഈ അത്ഭുതംകാണ്മാനായി ഓടിയെത്തി. എന്നാൽ ഉണ്ണി മഹാസന്തോഷഭാവത്തിലും പ്രകാശം വീശിക്കൊണ്ടും അവിടെതന്നെ നിന്നിരുന്നു. എന്നാൽ സമയമായപ്പോൾ ഈ അത്ഭുത പർത്തിഞ്ഞു കുസ്സോദിയിൽ അടച്ചുവെക്കുന്നതിനു യാതൊരു വിഘ്നമുണ്ടായിരുന്നില്ല. എങ്കിലും കുസ്സോദി ഉറക്കുമ്പോഴൊക്കെയും ഈ അത്ഭുതദർശനം കാണപ്പെട്ടിരുന്നു. അക്കാലത്തു (Tommaso di Chatimpre) ഷത്തീന്ത്രുക്കാരൻ തോമ്മാ എന്നു പേരായി ഒരു കീഴ്ത്തിപെട്ട സന്ന്യാസഗുരു ഈ അത്ഭുതംകണ്ടു പരിശോധിക്കുന്നതിനായി ദനുവെയിൽ ചെന്നു; തന്റെ സ്നേഹിതന്മാരായ സ്ഥലത്തെ പള്ളിയിലുള്ള ബഹു. പട്ടക്കാർ ഉടനെ കുസ്സോദി തുറന്നു അത്ഭുത പർത്തീഞ്ഞു കാണിച്ചുകൊടുത്തു. കുസ്സോദി തുറന്നയുടനെ ക്രൂടെയുണ്ടായിരുന്ന സകലരും ദിവ്യരക്ഷകനെ കണ്ടുകൊണ്ടു് ഇതാ നമ്മുടെ കർത്താവു, ഇതാ നമ്മുടെ ദൈവം എന്നു പറഞ്ഞിരുന്നു. എ

നാൽ കാണ്മാൻവന്ന സത്യാസഹൃവിന്നു തൽക്ഷണം ഒന്നും കാണ്മാൻ പാടായില്ല. മനോഭഞ്ജലത്തോടെ സൂക്ഷിച്ചുനോക്കുകയിൽ നമ്മുടെ കത്താവു് ഉണ്ണിയുടെ ഭാഷയിലല്ല, ഉത്തമപ്രായത്തിലും മൽമുടിയോടുകൂടിയും തിരുമുഖത്തിൽ ചോരയൊലിക്കുന്ന ഭാഷയിലും കാണപ്പെട്ടു. അല്പേഹം കുമ്പിട്ടാരാധിച്ചശേഷം വീണ്ടും നോക്കുകയിൽ, മൽമുടിക്കുടാതെയും ചോരക്കുടാതെയും തിരുമുഖം പ്രതാപത്തോടെ കാണപ്പെട്ടു. ഇപ്രകാരം ഈ അത്ഭുത പർത്തീഞ്ഞിൽ നിന്നു നമ്മുടെ കത്താവു ചിലപ്പോൾ ഉണ്ണിയുടെ ഭാഷയിലും ചിലപ്പോൾ സ്ലീവാമേൽ തറക്കപ്പെട്ട വിധത്തിലും ചിലപ്പോൾ വിധിയാളന്റെ സ്ഥിതിയിലും മറ്റും കാണപ്പെട്ടുകയുണ്ടായി.

(D. Antonio Zaccaria)

VI. വി. സെബസ്ത്യാനോസിന്റെ ഉപദേശം.

വിശുദ്ധ സെബസ്ത്യാനോസ് സഹദാ റോമാപുരിയിൽ പല അത്ഭുതങ്ങളെ ചെയ്യുന്ന വിവരം അറിഞ്ഞിരുന്ന ക്രൊമാസിയൂസ് തന്റെ പൊക്കാത്ത വ്യാധിയിൽ വല്ല സഹായം കിട്ടുമെന്നുശരണപ്പെട്ടു നമ്മുടെ സഹദായുടെ പക്കൽ വന്നു. ഈ ക്രൊമാസിയൂസ് റോമാപട്ടണത്തിന്റെ ഗവണ്ണരായിരുന്നു. ഈശോമിശിഹായുടെ നാമത്തിലാണ് താൻ ഓരോ അത്ഭുതങ്ങളെ ചെയ്യുവരുന്നതെന്നും, സൌഖ്യം വേണമെങ്കിൽ അങ്ങേ സത്യവേദം കൈക്കൊള്ളണമെന്നും വിശുദ്ധ സെബസ്ത്യാനോസ് ക്രൊമാസിയൂസിനോടു പറഞ്ഞു. മിശിഹാ എന്നെ സൌഖ്യമാക്കുമെങ്കിൽ; ഞാൻ ക്രിസ്ത്യാനി ആകാമെന്നു ക്രൊമാസിയൂസ് സമ്മതിച്ചു.

അപ്പോൾ വിശുദ്ധ സെബസ്ത്യാനോസ് നീ ആദ്യം തന്നെ നിന്റെ കള്ളദേവന്മാരുടെ വിഗ്രഹങ്ങളെയെല്ലാം ഉടച്ചുകളയണം. അപ്പോൾ മിശിഹാ നിന്നെ സൌഖ്യമാക്കും, എന്നു ക്രൊമാസിയൂസിനോടു പറഞ്ഞു. അപ്രകാരം സമ്മതിച്ചു ക്രൊമാസിയൂസ് തന്റെ വിഗ്രഹങ്ങളെയെല്ലാം തകത്തി. കുടുംബത്തിൽ പുരാതനമായി വണങ്ങപ്പെട്ടിരുന്നതും പൊന്നുകൊണ്ടു വാർത്തുണ്ടാക്കപ്പെട്ടതുമായ കുലദേവതയുടെ വിഗ്രഹം മാത്രം രഹസ്യമായി സൂക്ഷിച്ചുവെച്ചു. ദിനം സൌഖ്യമാകാഞ്ഞതിനാൽ ക്രൊമാസിയൂസ് വിശുദ്ധ സെബസ്ത്യാനോസിനോടു സങ്കടം പറഞ്ഞപ്പോൾ വിഗ്രഹങ്ങളെല്ലാം ഉടച്ചുകളഞ്ഞോ എന്നു ചോദിച്ചു. എല്ലാം തകത്തി, പൊന്നുകൊണ്ടുള്ള ഒരു കൊച്ചു വിഗ്രഹം മാത്രമെ സംഗ്രഹിച്ചു വെച്ചിട്ടുള്ളുവെന്നു മറുപടിപറഞ്ഞു. അപ്പോൾ വിശുദ്ധ സെബസ്ത്യാനോസ് സത്യദൈവത്തെമാത്രം ആരാധിക്കണം, കള്ളദേവന്മാരുടെ വിഗ്രഹങ്ങൾ ഒന്നൊഴിയാതെ എല്ലാം തകത്തണം, അപ്പോൾമാത്രം നീ സുഖംപ്രാപിക്കുമെന്നു ഉപദേശിച്ചു. ഈ ഉപദേശപ്രകാരം കടശി വിഗ്രഹവും തകത്തിക്കളഞ്ഞപ്പോൾ, ഉടനെ ക്രൊമാസിയൂസ് സൌഖ്യംപ്രാപിക്കയും ചെയ്തു. വിശുദ്ധ സെബസ്ത്യാനോസിന്റെ മദ്ധ്യസ്ഥം തേടുന്നവർ ആദ്യം ഹൃദയശുദ്ധി വരുത്തേണ്ടതിനു അങ്ങേ ഈ ഉപദേശംകൂടി മനസ്സിലാക്കി പ്രവൃത്തിക്കുന്നതിനു ശ്രമിക്കേണ്ടതാണ്.

ص . ٤ . ٢ لحد؟

VII. ചില ചരിത്രചോദ്യങ്ങളും ഉത്തരങ്ങളും.

൧) സുകളിൽ മഹാവലിയ സ്ത്രീ ആരാണ്?

൨) കുസ്തിയ മാതാക്കൾക്കു മാതൃകാസ്ത്രീ ആരാണ്?

൩) വിശുദ്ധ പൗലോസ് ശ്ലീഹായാൽ മാനസാന്തരപ്പെട്ടുത്തപ്പെട്ട കൃലീന യുവതിയും പൂർവ്വ വേദസാക്ഷികളിൽ ഒരാളുമായ സ്ത്രീരത്നം ആരാണ്?

൪) തന്റെ ജനത്തിന്റെ രക്ഷകയായ രാജ്ഞിയും എബ്രായക്കാരിയുമായ സ്ത്രീ ആരാണ്?

൫) വിശ്വാസത്തെപ്രതി മൈറ്റിൽ രക്തസാക്ഷിമുടി പ്രാപിച്ചവളും റോമയിലെ പത്രീസ് (Patrician) വംശജയും സംഗീതത്തിന്റെ പാലകയും കുരുടന്മാരുടെ മദ്ധ്യസ്ഥയും ആയ സ്ത്രീ ആരാണ്?

൬. സ്വന്തമുടെ രക്ഷിതാവിന്റെ മാതാവായ ഭാഗ്യപ്പെട്ട കന്യകമറിയം.

൭. വി. മോനീക്കാ.

൮. വി. തെക്ലാ. ൯. എഡേസ്സാ.

൧൦. (Cecilia) കിക്കിലിയാ.

വിശുദ്ധ കത്രീനായുടെ ജീവചരിത്രം.

അഴകു, സമ്പത്തു, വിദ്യ എന്നിവകളാൽ ശ്രുതിപെട്ട ഒരു കന്യകയായ ഇവൾ ൪൦൦ ശതവർഷത്തിൽ അലക്സാന്ത്രിയാപട്ടണത്തിൽ ജീവിച്ചിരുന്നു. ഇവൾ കൊൻസ്താന്തിനിന്റെ സഹോദരനായ (Half Brother) കൊസ്തിസ് എന്നവന്റേയും ഏജീപ്തിന്റെ രാജ്ഞിയായ സബീനെല്ലായുടേയും മകൾ ആയിരുന്നു. ഇവളുടെ ശാസ്ത്രനിപുണതയും ജ്ഞാനവും അതിശയനീയമായ ഒന്നായിരുന്നു. പ്ലാത്തോയുടെ തത്വശാസ്ത്രം കുട്ടിയായിരിക്കയിൽതന്നെ ഇവൾ പഠിച്ചറിഞ്ഞു. ഈ രാജകുമാരിയുടെ ചെറുപ്രായത്തിൽ പിതാവു മരിച്ചുപോയതിനാൽ അവൾ രാജ്യത്തിനു അവകാശിയായി ഭവിച്ചു. അവളുടെ ഒതുങ്ങിയ ജീവിതത്തിന്മേലും പഠിപ്പിന്മേലുമുള്ള സ്നേഹം നിമിത്തം അവളുടെ പ്രജകൾക്കു അവളുടെമേൽ രസക്ഷയും ഉണ്ടായി. അവരുടെ ആഗ്രഹം സമ്പത്തു, അഴകു, പഠിപ്പു, ശാസ്ത്രവിദ്യ, രാജവാഴ്ച മുതലായി അവൾക്കുണ്ടായിരുന്ന ഗുണങ്ങൾക്കു അവകാശികൾ ഉണ്ടാകാൻവേണ്ടി അവൾ വിവാഹം കഴിക്കണമെന്നായിരുന്നു. തന്റെ പ്രജകളോടു അവൾപറഞ്ഞ മറുപടി, തന്നെക്കാൾ ഗുണപൂർണ്ണങ്ങളാൽ പരിപൂർണ്ണനായ ഒരുത്തൻ തന്നെ വിവാഹം ചെയ്യണമെന്നായിരുന്നു. സകലരും തന്നെ ആരാധിക്കാൻ തക്ക കുലശ്രേഷ്ഠതയുള്ള ഒരുത്തൻ തനിക്കു ഭർത്താവായിരിക്കണമെന്നും അയാൾ മാലാഖമാർക്കുടെയും ഉറവുസൂക്ഷിക്കാൻ തക്ക അഴകുള്ളവൻ ആയിരിക്കണമെന്നും പ്രജകൾ ചെയ്യുന്ന സകല കുറ്റങ്ങൾക്കും മോചനംചെയ്യാൻതക്ക ദയാശീലം അയാൾക്കുണ്ടായിരിക്കണമെന്നും ആയിരുന്നു. ഈ വിധം ഒരുത്തനെ കണ്ടുകിട്ടാൻ പ്രയാസമാകകൊണ്ടു് അലക്സന്ത്രിയാ നിവാസികൾക്കു് മനസ്സിടിവുതട്ടി. എന്നാൽ കത്രീനാ ഇങ്ങനെ ഒരുത്തനേമാത്രമെ വിവാഹം കഴിക്കയുള്ളു എന്ന പ്രതിജ്ഞയിൽ സിദ്ധാന്തംപിടിച്ചുനിന്നു. ഇങ്ങനെയിരിക്കയിൽ അലക്സന്ത്രിയാ പട്ടണത്തിനു സമീപെ ജീവിച്ചിരുന്ന ഒരു വനവാസിക്കു ഒരു സ്വാർത്ഥദർശനം ഉണ്ടായി. ഭാഗ്യപ്പെട്ട ദൈവജനനി അയാൾക്കു പ്രത്യക്ഷയായി കത്രീനാ ആഗ്രഹിച്ചിരിക്കുന്ന ഭർത്താവു തന്റെ തിരുക്കുമാരൻ ആണെന്നു അവളോടു ചെന്നറിയിക്കുന്നതിനു ഉപദേശിച്ചു. അവൾ അന്വേഷിക്കുന്ന ഗുണങ്ങളും അതിൽ ക്ലേശലായ ഗുണങ്ങളും തന്റെ തിരുക്കുമാരനിൽ ഉണ്ടായിരിക്കുന്നതായി അവളോടു അറിയിക്കണമെന്നും കല്പിച്ചു. ഈ വനവാസി മറിയത്തിന്റെയും ഈശോയുടേയും ഒരു നല്ലപടം അവൾക്കു കൊടുത്തു. ഈശോയുടെ ചായ കണ്ടതോടെ അവളുടെ ഹൃദയം തന്നിലേക്കു ആകർഷിക്കപ്പെട്ടുകയും പഠിപ്പിന്മേൽ അവൾക്കുണ്ടായിരുന്ന സ്നേ

ഹം അവൾക്കു അരോചകമായിത്തീരുകയും ചെയ്തു. ഇതിനുശേഷം ഒരു രാത്രി ഇവൾക്കു ഒരു സ്വപ്നമുണ്ടായി. അതു ആ വനവാസിയുടെകൂടെ കത്രീനാ ഒരു ദേവാലയത്തിൽ ചെല്ലുകയും അപ്പോൾ മാലാഖാമാർ ഇവളെ എതിരേൽക്കാനായി വരികയും ഉണ്ടായതാണു്. കത്രീനാ അവരുടെ മുമ്പാകെ സാഷ്ടാംഗംവീണു. അപ്പോൾ അവർ പ്രിയ സഹോദരിയായ കത്രീനായെ നീ എഴുന്നേല്ക്കുക. എന്തെന്നാൽ മഹത്വത്തിന്റെ രാജാവു നിന്നെ ബഹുമാനിക്കുന്നതിനു തിരുമനസ്സായിരിക്കുന്നു എന്നു പറഞ്ഞു. അവൾ ഉടനെ എഴുന്നേറ്റു മാലാഖാമാരാലും പരിശുദ്ധന്മാരാലും ചുറ്റപ്പെട്ടു അവിടെ പ്രത്യക്ഷയായി എഴുന്നള്ളിവന്നവളും വർണ്ണിക്കാവതല്ലാത്ത അഴകുള്ളവളുമായ രാജസ്ത്രീയുടെ പക്കൽ ചെന്നുനിന്നു. ആ രാജസ്ത്രീ അവളെ സന്തോഷത്തോടെ സ്വീകരിച്ചു് തന്റെ തിരുക്കുമാരന്റെ പക്കൽ അവളെ ഹാജരാക്കി. എന്നാൽ താൻ മുഖംതിരിച്ചു് ഇവൾ ഇനിക്കു അഴകുള്ളവളായിരിക്കുന്നില്ലെന്നു പറഞ്ഞു. കത്രീനാ ഈ വാക്കുകേട്ടു ഉണർന്നു് സൂര്യോദയംവരെ വിംബിഷ്ടത്തോടെ പ്രലപിച്ചുകൊണ്ടിരുന്നു. അവൾ ആ വനവാസിയെ വരുത്തി താൻ ആ സ്വർഗ്ഗീയമണവാളനു പ്രിയപ്പെടുന്നതിനു ചെയ്യേണ്ടതെന്താണെന്നു ചോദിച്ചു. വനവാസി ഉടനെ അവളെ വിശ്വാസരഹസ്യങ്ങളെ പഠിപ്പിക്കുകയും അവൾ തന്റെ തള്ളയോടുകൂടെ മാമ്മോദീസാ മുങ്ങുകയും ചെയ്തു. അന്നു രാത്രി ഭാഗ്യപ്പെട്ട കന്യകമറിയം അവൾക്കു സ്വപ്നത്തിൽ പ്രത്യക്ഷയായി. തന്റെ ദിവ്യകുമാരനുംകൂടെ അവൾക്കു പ്രത്യക്ഷദർശനം കൊടുത്തു. മറിയം അവളെ തന്റെ കുമാരന്റെ പക്കൽ കൊണ്ടുവന്നു ഇവൾ ഈ നാൾവരെ മാമ്മോദീസാ മുങ്ങിയിരിക്കുന്നു. ഞാൻ അവളെ തലതൊടുകയും ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. മ്ശിഹാ പുഞ്ചിരിയോടെ അവളുടെ വിരലിൽ ഒരു മോതിരം ഇട്ടു. ഉറക്കം തെളിഞ്ഞപ്പോൾ മോതിരം കൈവിരലിൽ കിടക്കുന്നതായി അവൾ കണ്ടു. അതുമുതൽ നമ്മുടെ രാജകുമാരി ലോകവസ്തുക്കളെ ഒക്കെയും വെറുക്കയും സ്വർഗ്ഗത്തിൽ പോകുവാനുള്ള നാഴിക എപ്പോൾ വരുമോയെന്നു നോക്കിക്കൊണ്ടിരിക്കയും ചെയ്തു.

സാബിനെല്ലാ രാജ്ഞിയുടെ മരണാനന്തരം മാക്സിമിൻ ചക്രവർത്തി അലക്സന്ത്രിയായിലേക്കു വരികയും കുസ്യാനികൾക്കു വിരോധമായി ഒരു വേദത്തെരുക്കം ആരംഭിക്കുന്നതിനു കല്പന പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അപ്പോൾ കത്രീനാ ചക്രവർത്തിയുടെ മുമ്പാകെ ഹാജരായി ഒരു തർക്കനടത്തുകയും അവനെ പാടെ മടുപ്പിക്കയും ചെയ്തു. അപ്പോൾ റോമാ മഹാരാജ്യത്തിലെ വിശ്രുതരായ അമ്പതു വിദ്വാന്മാരെ ചക്രവർത്തി തിരഞ്ഞെടുത്തു് കത്രീനായോടു തർക്കവാദം നടത്തുന്നതിനു പ്രമാണിച്ചു. അവൾ ദൈവശക്തിയാൽ താങ്ങപ്പെട്ടിരുന്നതിനാൽ തത്വജ്ഞന്മാരായ ആ അമ്പതുപേരെയും മടുപ്പിച്ചതിനുപുറമെ അവരെ സത്യവിശ്വാസത്തിലേക്കു തിരിക്കയും ചെയ്തു. മാക്സിമിൻ അതികോപിതനായി അവരെ എല്ലാവരെയും തീയിലിട്ടു ദഹിപ്പിക്കുന്നതിനു കല്പിച്ചു. കത്രീനാ അവരെ ആശ്വസിപ്പിക്കയും അവർ മാമ്മോദീസാ മുങ്ങിയിട്ടില്ലാത്തതുകൊണ്ടു അവരുടെ രക്തം അവർക്കു മാമ്മോദീസായായിത്തീരുമെന്നും തീജ്വാല അവർക്കു മഹത്വത്തിന്റെ കിരീടമായി ഭവിക്കുമെന്നും ഉപദേശിക്കയും ചെയ്തു. ചക്രവർത്തി രാജകുമാരിയെ ജയിക്കുന്നതിനു പഠിച്ചപണിയൊക്കെയും നോക്കീട്ടും സാധിക്കാഞ്ഞതിനാൽ അവളെ ഒരു ഇരുട്ടറയിൽ ഇട്ടുപൂട്ടി ഏഴു ദിവസത്തേക്കു പട്ടിണികിടക്കണമെന്നു കല്പിച്ചു. പന്ത്രണ്ടാം ദിവസം ഇരുട്ടറ തുറന്നപ്പോൾ അതു വലിയ പ്രകാശവും നല്ല സുഗന്ധങ്ങളും നിറഞ്ഞിരിക്കുന്നതായി കാണപ്പെട്ടു. മാലാഖാമാരാൽ ചുറ്റപ്പെ

ട്ട കത്രീനാ പ്രകാശമുള്ളവളായും അഴകുള്ളവളായും പുറത്തുവന്നു. ഈ അത്ഭുതകണ്ട ചക്രവത്തിനിയും അനേകം കുലീനവംശജന്മാരായ അലക്സന്ത്രിയാനിവാസികളും ക്രിസ്ത്യാനിമതം സ്വീകരിക്കയും ചക്രവത്തിയുടെ കല്പനയാൽ കൊല്ലപ്പെട്ട രക്തസാക്ഷിമുടി പ്രാപിക്കയും ചെയ്തു. ചക്രവത്തി കത്രീനായെ വശീകരിച്ച് തന്റെ സ്വാധീനത്തിൽ കൊണ്ടുവരാൻ പലയത്നങ്ങളും ചെയ്താറെ ഒന്നുകൊണ്ടും അവൾ ഇളകാഞ്ഞതിനാൽ ഒടുവിൽ ക്രൂരതരമായ പീഡകൾക്കു അവളെ ഏല്പിച്ചുകൊടുക്കയും ഇരിമ്പു ചക്രത്തിന്റെ മൂർച്ചക്കു അവളുടെ ദേഹത്തെ ഇരയാക്കുകയും ചെയ്തു. എന്നാറെയും ധീരതയോടെ നമ്മുടെ രാജകുമാരി പിശാചിനെ സ്ഥിരമായി നിൽക്കയും ഒടുവിൽ ആരാച്ചാരുടെ കയ്യിൽ വേദസാക്ഷിമുടി പ്രാപിച്ചു തന്റെ ആത്മാവിനെ സൃഷ്ടാവിന്റെ കയ്യിൽ ഏല്പിക്കയും ചെയ്തു.

ദിവസം 25.

VIII. എ. പെ. പെ. ബ.

കൊടുങ്ങല്ലൂർ രൂപതയുടെ കീഴിലുള്ള മാർ യൌസപ്പു മെത്രാപ്പോലീത്താ അവർകളുടെ ഇടവകയ്ക്കുള്ളത്ത പടിസാധനത്തിന്റെ വേലപ്പു്.

അപ്പൊഴൊ ഉപവിയാകപ്പെട്ടവരെ! ചെക്കൽ നേരത്തും മൂന്നാം നാഴികയിലും ആറാം നാഴികയിലും ഒൻപതാം നാഴികയിലും തന്റെ തോപ്പിന്ന ഇവരെ വിളിച്ചപകർച്ച ക്രൂടാത്ത കത്താവു തന്നെ ഒടുക്കത്തെ നാഴികയാകുന്ന ഈ പതിനൊന്നാം നാഴികയിൽ ഈ തോപ്പിൽ തന്നെ വേല ചെയ്വാനായിട്ട നിങ്ങളേയും വിളിച്ചിരിക്കുന്നു. അപ്പൊഴൊ ജേഷ്ഠാനുജന്മാരെരെ! ഉയരപ്പെട്ടവൻ നിങ്ങളെ തിരിഞ്ഞെടുത്തു ഈ തോപ്പിൽ വേലചെയ്വാനായിട്ട പട്ടക്കാരരായി നിങ്ങളെ കല്പിച്ചതിനാപക്കം എങ്ങിനെ വ്യാപരിപ്പാൻ നിങ്ങൾക്കു ന്യായമാകുന്നുവെന്നു നിങ്ങൾ സൂക്ഷിപ്പിൻ. അതെന്തെന്നാൽ തമ്പുരാന്റെ പള്ളി തന്റെ കല്പനകളിൽ ഒരു അരുപി തന്നെ എല്ലാപ്പോഴും കാക്കയും ചെയ്യുന്നു. തന്റെ ചിറ്റാഴ്മക്കാരിൽ അടക്കവും പരമാത്മവും ബ്രഹ്മചാരിത്വവും ക്രമവും നെറിവും നന്മനസ്സും തിന്മയും എല്ലാ പ്രകാരമുള്ള പുണ്യവ്യാപാരവും അനപേക്ഷിക്കയും ചെയ്യുന്നതെന്നു കൂടാതുള്ളതും അശുദ്ധമായതും ആയതു ഏതും ഒരിക്കലും അവരുടെ മേൽ കേൾക്കുയ്യാനും മനിക്ഷയത്തോടു കൂടെ തങ്ങളുടെ ആയുസ്സു കഷ്ടമാക്കിക്കൊണ്ടു മാനുഷരുടെ നിന്ദക്കു തങ്ങളെത്തന്നെ വെക്കാതെ ഇരിപ്പാനും ആയിട്ട ലോകത്തിന്നടുത്ത വ്യാപാരങ്ങളൊക്കെയും തുഛമാന കല്പനകളാലെ കഠിനമായിട്ട പള്ളി അവക്കു മുടക്കുകയും ചെയ്തു എന്നു വരുമ്പോൾ ജേഷ്ഠാനുജന്മാരെ! ഇവയെല്ലാം നിരൂപിച്ചുകൊണ്ടും പഴയവരുടെ കല്പനകളെ ധ്യാനിച്ചുകൊണ്ടും ആകുമെങ്കിൽ നമ്മുടെ സ്ഥാനത്തിന്റെ പെരുമ്മ്മ ചേരുംവണ്ണം ഒട്ടും ഏറ്റക്കുറവു കൂടാതെ ഇരിപ്പാൻ ആഗ്രഹിച്ചുകൊണ്ടും അതിശയപ്പെട്ട മുമ്പിലത്തെ ആളുകളെ കണ്ടു പഠിപ്പാൻ സാദ്ധ്യമായിട്ട നിങ്ങളെ നാം ബോധിപ്പിക്കയും ചെയ്യുന്നു. വിശേഷിച്ചും ഈ നമ്മുടെ സാധനം വായിച്ചുകൂടിയതിന്റെ ശേഷമെങ്കിലും ഹൃദയത്തിനെ കനപ്പെടുത്തുകയും വാച്യപ്രകാരത്തിലും കൂടപ്പിറപ്പുകൾക്കു ഉതപ്പു വരുത്തുകയും പുറത്തുള്ളവക്കു നമ്മുടെ തുഛമാന മാഗ്ഗത്തോടു മറുത്തും ദൈവരഹസ്യങ്ങളോടു മറുത്തും ദുഷ്ണം പറവാൻ അവകാശം വരുത്തുകയും ചെയ്യുന്നതൊക്കയും ഉപേക്ഷിച്ചുകൊണ്ടു നിങ്ങളുടെ അംശത്തിനും സ്ഥാനത്തിനും ചേരുന്ന വസ്തു മഹാ ഉത്സാഹത്തോടുകൂടെ ചെയ്യുമെന്നതിൽ നാം സംശയിക്കുന്നില്ല.

എന്നാൽ ഒട്ടേറെയും തമ്പുരാന്റെ ചിറ്റാഴ്മക്കാരർ എന്നു നിങ്ങളെ വിളിക്കയും നിങ്ങൾ ആയിരിക്കയും ചെയ്യുന്നതിനെക്കൊണ്ടു ഇങ്ങിനെയുള്ള സ്ഥാനത്തിന്റെ പെരിമ ഓർത്തുകൊണ്ടു ആയതിനു ചേരുന്ന പുണ്യവൃത്തങ്ങൾ ഉണ്ടാക്കുവാൻ ശക്തിയൊക്കയോടും കൂടെ ശ്രമിപ്പാൻ നാം ആഗ്രഹിക്കയും ചെയ്യുന്നു.

അതെന്തെന്നാൽ മിശിഹായുടെ വിശ്വാസക്കാരർ ഒക്കെയും തുഛമാകപ്പെട്ടവ

രും വെടിപ്പാക്കപ്പെട്ടവരും കുറയില്ലാത്തവരും ആയിരിപ്പാൻ കടമായിരുന്നു എങ്കിൽ പ്രത്യേകമായി ക്രിയകളാൽ തമ്പുരാന്റെ ശുദ്ധമാക്കപ്പെട്ട നിങ്ങളുടെ പ്രവൃത്തികൾ കണ്ടു ആകാശത്തിലിരിക്കുന്ന ബാവയെ സ്തുതിപ്പാനായിട്ട എല്ലാവരുടെയും മുമ്പാകെ നിങ്ങൾ പ്രകാശിപ്പാൻ തക്കവണ്ണം സെഹിയോൻ എന്ന മലമേൽ തന്റെ ചിറ്റാഴ്മക്കാരായിട്ട കല്പിക്കപ്പെട്ടിരിക്കുന്ന നിങ്ങൾ എത്രയൊ ഏറ്റമായി കടപ്പെട്ടിരിക്കയും ചെയ്യുന്നു. നല്ലതും വിശ്വസ്തവുമായ മറ്റൊരു വസ്തു ഇപ്പോൾ ആയിരിക്കുന്നില്ല എന്നതിനെക്കൊണ്ടു ഇത്രവലിയ കാര്യങ്ങളുടെയും പെരിമ മാലാക്കമാരെക്കാൾ കുറയപ്പെട്ടതല്ലാത്ത നിങ്ങളുടെ സ്ഥാനത്തിന്റെയും പെരിമ വിചാരിച്ചുകൊണ്ടു ഒരുത്തരൊട്ടും കുറഞ്ഞ ഒരു ഏറെക്കുറവെങ്കിലും കാട്ടാതെ പുണ്യമൊക്കയോടും നെറിവോടുംകൂടെ മാനുഷരെല്ലാവരുടെയും മുന്നിൽ ആകാശത്തിന്നടുത്ത മാനുഷരെപ്പോലെ നിങ്ങൾ വ്യാപരിക്കേണ്ടിയിരിക്കുന്നു. ആയതല്ലെങ്കിൽ തണ്ണീ അടിയാരൊട്ടുകൂടെ സ്ഥാനത്തിന്റെ ഉയർച്ചകൊണ്ടും അംശത്തിന്റെ ഘനംകൊണ്ടും ഞെരുങ്ങി താണുപോകയും ചെയ്യും. നമുക്കു എത്രയും സ്നേഹിക്കപ്പെട്ടവരെ! നമ്മുടെ മുമ്പിലുള്ളോർ തമ്പുരാന്റെ പ്രത്യേകമുള്ള സഹായത്താലെ വിശ്വാസത്തിന്റെ നിക്ഷേപം പള്ളിയുടെ തുടക്കത്തിൽ തന്നെ മാർ തോമാശ്ലീഹായിൽ നിന്നു കൈക്കൊള്ളുകയും ചെയ്തു. എന്നാൽ ഈ വിശ്വാസം ഇപ്പോൾ സൂക്ഷിച്ചു കണ്ടാൽ വേലക്കാരുടെ ഉപേക്ഷകൊണ്ടും അറിവില്ലായ്കകൊണ്ടും പലരിൽ മരിച്ചിരിക്കയും മറ്റു പലരിൽ കലങ്ങിയിരിക്കയും ചെയ്യുന്നു. ഇതുമെന്നു മറ്റു പലർ നിഗളംകൊണ്ടു നിറഞ്ഞ പരിഛേദിച്ചുകൂടാത്ത രഹസ്യങ്ങളെ അഹമ്മതിയായിട്ട തങ്ങളുടെ ബുദ്ധിയാൽ അടക്കുവാൻ ശ്രമിച്ചതിനാലെ ഇടത്തട്ടിലും മാഗ്ദനിന്ദയിലും അകപ്പെട്ടുകയും ചെയ്തു. മറ്റു ചിലർ ഇന്ദ്രിയസുഖങ്ങളുടെ ഭോജനങ്ങളെ നിനച്ച തമ്പുരാനെയും തങ്ങൾക്കു തന്നെയുള്ള ബോധത്തിനെയും കാംക്ഷിച്ചു തന്നിഷ്ടങ്ങളെ സമ്മതിച്ചുകൊണ്ടു വിശ്വാസത്തിനെ നിരാസിക്കയും ചെയ്തു. ഇങ്ങിനെ പല പ്രകാരത്തിലും മാനുഷരിൽ പലരും തങ്ങളുടെ മഹാപാപത്തോടുകൂടെ വിശ്വാസത്തിൽ നിന്നു പിണങ്ങുകയും ചെയ്തു.

(തുടരും)



തിരുഹൃദയഭക്തർമാർ

ഫൻഫറ കുംഭമാസത്തിൽ വെക്കേണ്ട പ്രാർത്ഥനകൾ.

"പാപത്തിന്മേലുള്ള ഭയം."

പാപത്തെപ്പോലെ ഭയപ്പെടേണ്ടതും മനുഷ്യനു നാശം വരുത്തുന്നതും മറ്റു യാതൊന്നും ഇല്ല. പാപം ഒഴിച്ചാൽ മറ്റുള്ള സകല നാശങ്ങളും നഷ്ടങ്ങളും നിസ്സാരവും കാലത്താടകഴിഞ്ഞുപോകുന്നതും ആകുന്നു. പാപത്തിൽ നിന്നു അഥവാ ദൈവപ്രമാണലംഘനത്തിൽ നിന്നു മനുഷ്യനു വന്നു ക്രൂടുന്ന നാശവും അനർത്ഥവും ഏറ്റം വലിയതും നിത്യമായതും ആകുന്നു. എന്തെന്നാൽ പ്രമാണത്തിന്റെ ഘനമായ ഒരു ലംഘനം അഥവാ ചാവദോഷം മനുഷ്യനു ആത്മിക മരണവും നിത്യനരകവും വരുത്തുന്നതാണ്. ആകയാൽ എല്ലാതിന്മകളിൽ വച്ചു പാപത്തെ ഏറ്റം അധികമായി ഭയപ്പെടേണ്ടിയിരിക്കുന്നു.

എന്നാൽ നമ്മുടെ ഈ കാലങ്ങളിൽ ജ്ഞാനഅറിവു കുറഞ്ഞും വിശ്വാസം ക്ഷയിച്ചും വരുന്നതിനാൽ പാപത്തെ സാക്ഷാൽ ഒരു വലിയ തിന്മയായി വിചാരിക്കുന്നവർ ലളരെ ചുരുക്കം ആളുകൾ മാത്രമെ ഉള്ളു. അനേകം ആളു

കൽ വിശ്വാസക്കണ്ണുകളെ അടച്ചു് ശരീരക്കണ്ണുകൾകൊണ്ടു കാണുന്നവകളെ വലുതായി മതിച്ചു അവകളെ സ്നേഹിക്കയും ലൗകിക നഷ്ടങ്ങളെ ഏറ്റം അധികമായി ഭയപ്പെടുകയും ചെയ്യുന്നു. സാമാന്യമായി മനുഷ്യർ സ്നേഹിക്കേണ്ടുന്ന നിത്യനന്മകളെ സ്നേഹിക്കാതെയും ഭയപ്പെടേണ്ടുന്ന പാപത്തെ ഭയപ്പെടാതെയും ഇരിക്കുന്നു. പാപമില്ലെങ്കിൽ സകലതും നമുക്കു നന്മയായി തീരുന്നു. യാതൊരു നാശവും ചേതവും നമുക്കു വരുന്നതല്ല. ഇതിനാൽ പാപത്തെ മാത്രം നാം ഭയപ്പെടേണ്ടിയിരിക്കുന്നു.

അതുകൊണ്ടു പാപം എത്രയൊ വലിയ ദൈവദ്രോഹമെന്നും മനുഷ്യനു വന്നുകൂടാവുന്നതിൽ എത്രയൊ വലിയ തിന്മയെന്നും സകല മനുഷ്യരും അറിഞ്ഞു ഗ്രഹിക്കുന്നതിനു് കരുണനിറഞ്ഞ ന. കന്യാസ്ത്രീമറിയത്തിന്റെ അമലോത്ഭവ തിരുഹൃദയം വഴിയായി തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം അപേക്ഷിക്കേണ്ടിയിരിക്കുന്നു.

Y ഫെബ്രു. 2. ൧

ലോകവർത്തമാനച്ചുരുക്കം.

പുതുച്ചേരി അതിരൂപതയിൽ കഴിഞ്ഞ മാസം ൯-ാംനു- (Marie-stella) മെറിസ്റ്റെല്ലാ എന്നു പേരായ ഒരു നാട്ടുകന്യാസ്ത്രീ വൃദ്ധവയസ്സിൽ ഭാഗ്യപ്പെട്ട മരണം പ്രാപിച്ചു. ൧൮൫൫-ൽ ആരംഭിച്ച പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവഹൃദയത്തിൻ സഭയുടെ പൊതുശ്രേഷ്ഠത്തിയായിരുന്ന ഈ മഹതി ൧൮ മഠങ്ങളെ സ്ഥാപിക്കയും ൧൩൨ കന്യകകളെ സഭയിൽ കൈക്കൊള്ളുകയും ൧൨ സ്കൂളുകൾ സ്ഥാപിക്കയും കടലൂരിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ടെയിനിങ്ങ് സ്കൂൾ സാമർത്ഥ്യത്തോടെ നടത്തുകയും ചെയ്തു. മരണശേഷം പുതുച്ചേരി അതിപ്രബല മെത്രാപ്പോലീത്താ അവർകളും അനേകപട്ടക്കാരും ജനപ്രധാനികളും മഹാ പുരുഷാരവും കൂടിയാണു ശവസംസ്കാരം നടത്തിയതു്.

ഈടിവസങ്ങളിൽ അമ്മേരിക്കായിൽനിന്നു ചില പുതിയ പ്രസംഗികൾ കൊളമ്പുവഴി നാട്ടിൽ വന്നിറങ്ങിയിരിക്കുന്നു. പ്രോട്ടസ്ത്തണ്ടു മതത്തിന്റെ ഒരു പ്രകൃതിഭേദമെന്നു പറയാമെങ്കിലും നവീന അഭിപ്രായങ്ങൾ ധാരാളം വിളമ്പുന്നതുകൊണ്ടു ഇവരെ ഒരു ഗണത്തിൽ ചേർത്തു പറഞ്ഞതുകൂടാ. International Bible Students Association Committee എന്നാണു ഇവർ പേരെടുത്തിരിക്കുന്നതു്. പ്രസംഗികൾ ഏഴുപേരുള്ളതിൽ പ്രധാനിയുടെ പേർ പാസ്റ്റർ റസ്സൽ എന്നാണു്. ഈ കള്ളീഷ്ടശിഷ്യരിൽനിന്നു സത്യവിശ്വാസികൾ സൂക്ഷിക്കേണ്ടതാണു്.

ടിപ്പോളിയുദ്ധം ഇപ്പോഴും മുമ്പിലത്തെപ്പോലെ ശക്തിയിലല്ലെങ്കിലും ക്രമമായി കടലിലും കരയിലും നടന്നുകൊണ്ടിരിക്കുന്നു. തുക്കികളെ കയറ്റിക്കൊണ്ടു പോകയോ മറ്റോ ചെയ്യുന്ന എല്ലാകപ്പലുകളെയും ഇറ്റാലിയർ തടഞ്ഞുവരുന്നു. പ്രാൻസുകാരുമായി, ഇതു സംബന്ധിച്ചു് ഒരു വഴക്കു അവസാനിച്ചതേയുള്ളു. ഇതാ ഇപ്പോൾ ഇംഗ്ലീഷ്കാരുടെ ഒരു കപ്പലും ഇവർ തടഞ്ഞിരിക്കുന്നു. ഇതിൽ ബ്രിട്ടീഷ് കൊടിയടയാളമുണ്ടെങ്കിലും തുക്കിയുടെ മുദ്രയടയാളം കപ്പലുകളിൽ കണ്ടതിനാലാണു് തടഞ്ഞതെന്നാണിവർ പറയുന്നതു്. ദർദനെന്ന സ്ഥലത്തെ തുക്കിക്കോട്ടകളുടെ നേരെ ഇറ്റാലിയന്മാർ ഇപ്പോഴും വെടിവെച്ചുവരുന്നു. ഇറ്റാലിയരുടെ ഒരു വായുവിമാനത്തിൽ ഏതാണ്ടും പേർ കയറി തുക്കിപ്പാളയത്തിന്റെ മുകളിൽചെന്നു് ആഗ്നേയാസ്ത്രം കീഴ്പ്പോട്ടിട്ട പല നാശങ്ങളും ചെയ്തിരിക്കുന്നു. തുക്കിപ്പട്ടാളങ്ങളിൽ ചിലർ ഇവരെ വെടിവെയ്ക്കുകയാൽ അതിലെ കാപ്പനു സപ്പലമായ മുറിവുകൾ പറ്റുകയുണ്ടായി.

"Catholic Directory of india, 1912." എന്നീ പേരോടുകൂടിയാണു "Madras Catholic Directory" ഈയാണ്ടിൽ പുറപ്പെട്ടിരിക്കുന്നതു്. ഈ പ്രബന്ധം തുടങ്ങീട്ടു ഇപ്പോൾ ൨൨ വർഷം

ങ്ങളായി. ഈ പുരിയ അടിപ്പിൽ പേരും സാധനങ്ങളും പലരുടേയും ആഗ്രഹപ്രകാരം നവീകരിക്കപ്പെട്ടതു വളരെ തൃപ്തികരമായിരിക്കുന്നു.

കൊല്ലം അതിരൂപതയിലേയും ജാഫ്നാ രൂപതയിലേയും സ്ഥിതി, പള്ളിയേയും പള്ളിക്കൂടത്തേയും സംബന്ധിടത്തോളം അഭിവൃദ്ധികരമായിരിക്കുന്നുയെന്നു താഴെകാണുന്ന (ഫൗസ്താ സെപ്റ്റംബർ മുതൽ ഫൗസ്ത ആഗസ്റ്റു വരെയുള്ള) കണക്കുകൊണ്ടു കാണുന്നു. കൊല്ലം അതിരൂപതയിൽ ആകപ്പാടെ രണ്ടു പള്ളിക്കൂടങ്ങളും രണ്ടു, നൂറു വിദ്യാർത്ഥികളും ഉണ്ട്. പള്ളിക്കൂടങ്ങളിൽ പന്ത്രണ്ടു സ്ത്രീവിദ്യാലയങ്ങളും വിദ്യാർത്ഥികളിൽ മുന്നൂറു, രണ്ടു പെൺകുട്ടികളുമാണ്. മേല്പറയപ്പെട്ട പള്ളിക്കൂടങ്ങൾ എല്ലാം തന്നെ പ്രാഥമികവിദ്യാലയങ്ങൾ ആകകൊണ്ടു പ്രാഥമികവിദ്യാഭ്യാസപ്രചാരത്തിനായി കത്തോലിക്കസഭ എത്രത്തോളം പരിശ്രമിക്കുന്നുണ്ടെന്നു കാണാവുന്നതാണ്.

നി. വ. ദി. ശ്രീ. ചങ്ങനാശേരി വികാരി അപ്പസ്തോലിക് കയ്യാളച്ചിറയിൽ മാർ തോമ്മാ മെത്രാനവർകൾ, ഇടംപ്രഥമമായി സ്ഥലത്തെ ആശ്രമദേവാലയത്തിൽ വച്ചു ഏതാനും കുട്ടികൾക്കു കഴിഞ്ഞ മാസം മുന്നു- സ്ഥൈര്യലേപനം (മുമ്പിലത്തെ ഒപ്പുശുമാ) കൊടുത്തിരിക്കുന്നു.

നി. വ. ദി. ശ്രീ. ഡക്ടർ തോമ്മസ് കയ്യാളച്ചിറയിൽ അവർകൾ, ദിവകാരുണ്യമഹായോഗത്തിനായി മൈലാപ്പൂരിൽ പോയിരുന്ന സമയം മദ്രാസ് ഗവണ്മെന്റർ അവർകളെ സന്ദർശിക്കുകയും, മുക്കാൽ മണിക്കൂർനേരത്തോളം പല സംഗതികളെപ്പറ്റി ഒരു ദീർഘസംഭാഷണം നടത്തുകയുമുണ്ടായി.

പ്രൊസീസ്സോസ് മൂന്നാം സഭക്കാരുടെ ആകെയുള്ള സംഖ്യ മുന്നൂറു, എൻപതു, രണ്ടു ആണെന്നു കാണുന്നു.

തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടർ ഡാക്ടർ ബിഷോപ്പിന്റെ മദാമ്മ (ഭാര്യ) ഇംഗ്ലണ്ടിൽ വച്ചു കത്തോലിക്കമതം സ്വീകരിച്ചിരിക്കുന്നതായി "നസ്രാണിദീപിക"യുടെ തിരുവനന്തപുരം ലേഖകൻ പറയുന്നു.

ചൈനായിലെ ജനക്ഷോഭത്തിനു സ്വല്പം കുറവുണ്ടെന്നു പറയാം. സാമാധാനത്തിനുവേണ്ട സകല ഏർപ്പാടുകളും ചെയ്തുകൊള്ളുന്നതിനു ചക്രവർത്തി മന്ത്രിമാക്കു വരുതി കൊടുത്തിരിക്കുന്നു. ഇതിനിടെ രാജഛത്രത്തിനു വിരോധമായി പ്രസംഗിച്ചു എന്ന കാരണത്തിന്മേൽ ഒരു ജപ്പാൻകാരനെ അറസ്റ്റ് ചെയ്കയാൽ ജപ്പാൻകാരെയും അവരുടെ സ്വത്തുക്കളെയും രക്ഷിക്കുന്നതിനെന്നു പറഞ്ഞുകൊണ്ടു ഒരു ക്രൂട്ടം പട്ടാളത്തെ ജപ്പാൻകാർ മുക്കുഡനിലേക്കു നിയോഗിച്ചിരിക്കുന്നു. സ്വതന്ത്രരക്ഷിയിലെ സൈന്യങ്ങൾക്കു ശമ്പളം കൊടുക്കുന്നതിനായും മറ്റും പണമാവശ്യപ്പെട്ടിരിക്കുന്നു. ഇതിൽ സഹായിക്കാമെന്നും ആവശ്യമുള്ള പണം കൊടുക്കാമെന്നും പലരും സമ്മതിച്ചിട്ടുള്ളതായി പ്രസിഡെണ്ടായ ഡാക്ടർ സുനൈറ്റിസിൻ പ്രസ്താവിച്ചിരിക്കുന്നു.

മരണങ്ങൾ.

"നസ്രാണിദീപിക" "കർമ്മേലകുസുമം" ഇതു പത്രഗ്രന്ഥങ്ങളുടെ പ്രിൻറ്ററും പബ്ലിഷറും ആയ ഏ. പി. മാണി അവർകളുടെ ഭാര്യ (കടമക്കുടി പള്ളി ഇടവക അറക്കാട്ടിൽ മാണി ഏലി അവർകൾ) അന്ത്യക്രമോപകരണങ്ങളോടുകൂടിയും സുബോധത്തോടെ കൈക്കൊണ്ടു തന്റെ ഇൻപതാമത്തെ വയസ്സിൽ കഴിഞ്ഞ മാസം ഒന്നു- ഭാഗ്യപ്പെട്ട മരണംപ്രാപിച്ചു.

കുസുമവരിക്കാരനായ കൊല്ലത്തു പീറ്റർ മസ്ക്രീൻ അവർകൾ ഡിസംബർ നൂറു-ാം, കാവാലത്തുപള്ളി ഇടവക തിനകളത്തിൽ തൊമ്മൻ റോസ അവർകൾ കഴിഞ്ഞ മാസം പന്ത്രണ്ടു-ാം കൊന്തസഭയിൽ ചേർന്ന തത്തമ്പള്ളിൽ മൂശാരിപറമ്പിൽ മാത്തൻ മറിയം കഴിഞ്ഞ മാസം ഇരുപത്തു-ാം തീയതി തന്റെ രണ്ടാമത്തെ വയസ്സിലും, കടമക്കുടി പള്ളി ഇടവക പണ്ടാരപ്പള്ളി മാത്തു എന്നയാൾ അന്ത്യക്രമോപകരണങ്ങൾ ഒക്കെയും വേണ്ട ഒരുക്കത്തോടെ കൈക്കൊണ്ടു ഈ മാസം രണ്ടു-ാം അന്ത്യക്രമോപകരണങ്ങൾ കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു.

ഈ ആത്മാവുകളുടെ ആശ്വാസത്തിനായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

മാസികാവരിപ്പണം അടച്ചവരുടെ പേരുവിവരം.

ഒരു ശ്രുപാവിതം

മ. രാ. രാ. അവർകൾ,

ചാക്കൊ വുഗീസ്, തൈപ്പറമ്പിൽ ചാക്കൊ വുഗീസ്, ഏഴൂർ ചാക്കൊ മത്തായി, കാഞ്ഞിരത്തുംങ്കൽ വുഗീസ് വുഗീസ്, പാലത്തുങ്കൽ ഔസേപ്പു ഔസേപ്പു, പുളിക്കൽ ചാക്കൊ കുഞ്ഞൻ, കൈപ്പള്ളിൽ ചാണ്ടപ്പിള്ള തോമ്മാ, ബ. തോപ്പിൽ അന്ത്രൊസ്സച്ചൻ, നി. മൂ. സ. പുളിങ്കുന്നു കന്യകാമഠത്തിൻറ ബ. ശ്രേഷ്ഠത്തിയമ്മ, അത്തിക്കളത്തിൽ കുരുവിള കുഞ്ഞൻ, ബ. ശ്രാമ്പിക്കൽ ഗീവുഗീസച്ചൻ, നടുവിലേപ്പറമ്പിൽ കുരുവിള തോമ്മാ, ചാത്തൻപറമ്പിൽ ചാക്കൊ, തയ്യിൽ വന്ത്യൊൻ അഹമ്മുഞ്ഞു, മറ്റത്തിൽ ചെറിയാൻ ജോസഫ്, കെ. ജെ. സെബാസ്ത്യൻ, കെ. സി. കുട്ടിവാദ്ധ്യർ, ഞായപ്പള്ളിൽ ബ. ഔസേപ്പച്ചൻ. കുടേപ്പറമ്പിൽ ചാണ്ടി ഐപ്പു, ഓന്തിരിക്കൽ ഉലഹന്നൻ ഉലഹന്നൻ, വലിയവിളവീട്ടിൽ മത്ത്യാൻ ഡിക്രൂസ്, കുരുവിള കുഞ്ഞക്കൊ തെക്കേപ്പറമ്പിൽവീട്ട, തറയിൽപറമ്പിൽ ഔസേപ്പ ഔസേപ്പു, എറണാകുളം കത്തോലിക്കവാനശാല മാനേജർ, പുന്നക്കുന്നത്തുശ്ശേരി കിഴക്കെക്കുറു ചാണ്ടി, മാങ്കുഴിമേടയിൽ വി. ജോർജ് പെറെയിരാ, പറിഞ്ഞാറെ കുഴിയാപ്പുവിൽ പുന്നൂസ് പുന്നൂസ്, കോയിക്കരയിൽ വക്കി ഔസേപ്പു ഏ. ടി. അലക്സാണ്ടർ ചെങ്ങളം, അമ്മക്കുട്ടി ഔസേപ്പു, ബ. മേക്കുന്നേൽ പൌലൊസച്ചൻ, എസ്സ്. ജോസഫ് ക്രിസ്റ്റു മസ്സ് കൊട്ടേജ് കുന്നുകുഴി, കണിച്ചുകുട്ട തൊമ്മൻ യൌസേപ്പു, എൻ. പി. സുബാക്കിൻ സിലോൻ.

പലവക.

Mrs. Joseph Chandy രു ശ്രു. വയ ച ഫവ കാ, നെല്ലുവ്യാപാരം ദേവസ്യാ ഔസേപ്പു ചെ. വ കാ, കുറിക്കടവിൽ വക്കി മക്കോസ് യു ശ്രു., എൽ. എം. ഡി. റോസാരിയൊ വ ശ്രു, ബ. കൊച്ചുപാലത്തുംകൽ യൌസേപ്പച്ചൻ വ ശ്രു., കുന്നപ്പള്ളിൽ കോര മാത്തൻ വ ശ്രു., പുത്തനൂരയിൽ ചെറിയാൻ തൊമ്മൻ വ ശ്രു വയ ച. ഫവ കാ., ചാരക്കാട്ട പേലിസ് ജോസഫ് വ ശ്രു., ഏ. കെ. അരുളപ്പൻപിള്ള രു ശ്രു., ബ. നടുവിലേക്കളത്തിൽ മത്തായിഅച്ചൻ വ ശ്രു., കടവുങ്കലിരിക്കും കേ. വി. വന്ത്യൻ ഫ ശ്രു. വയ ച. ഫവ കാ., ബ. എം. ജെ. മെനേസെസ്പാദി വ ശ്രു., വില്യം ദേറൊസാരിയൊ യു ശ്രു., പുളിക്കൽ കോര ഉലഹന്നൻ യു ശ്രു., ബ. പൌമാലിൽ ലൂക്കാച്ചൻ വ ശ്രു., മണക്കാട്ട പൈലിചാണ്ടി വ ശ്രു. ദ ച, കൊച്ചിരേടത്തു ബ. ചാക്കൊച്ചൻ വ ശ്രു.,

(തുടരും.)

REGISTERED. No. 365.

പഞ്ചാംഗം.

ഫൻഫവ ഫെബ്രുവരി — ഫവ്വ, മകരം — കുംഭം.

മലയാളം		ഇംഗ്ലിഷ്		വിശേഷ ദിവസങ്ങൾ.		
മാസം	തിയ്യതി	തിയ്യതി	ദിവസം			
	'	ഫ	വ്യാ	അ. വേ. ഇഗ്നാ. ന. അ. കു. പെ. ✻	ചൂ.	2
	വ	വെ	✠	ക. മ. ശ്രുദ്ധീ. ന. കു. പെ. പ്ര. രോ.	വെ.	൨൮
	ഫ	ന	ശ	അ. വേ. ബ്ലാസി. ന. അ. കു. പെ.	ചൂ.	2
	വ	ര	ഞാ	✠ [illegible] ന. കു. അ.	രോ.	൨൮
	വന	ഒ	തി	ക. വേ. അഗത്ത. ന. അ. കു. പെ.	ചൂ.	൨൮
	വര	ന	ചൊ	ക. വേ. ഒറോ. ന. അ. കു. പെ. † ന. ക. പ്രാത്ഥ. ൨൭	ചൂ.	൨൮
	വഒ	ഒ	ബു	മെ. റൊമുവാ. ന. അ. കു. പെ.	വെ.	൨൮
	വന	വ	വ്യാ	† മെ. യോഹ. ദ് മാത്താ. ന. അ. കു. പെ.	വെ.	൨൮
	വഒ	ൻ	വെ	ക. വേ. അപ്പോ. ന. അ. കു. പെ.	ചൂ.	൨൯
	വവ	ഫ	ശ	† ക. എസ് ക്കോള. ന. അ. കു. പെ.	വെ.	൨൮
	വൻ	ഫഫ	ഞാ	✠ [illegible] ന. കു. അ. ൦	രോ.	൨൮
	ന൦	ഫവ	തി	† പാ. മെ. ദിയോനീസി. ന. അ. കു. പെ.	വെ.	2
	ഫ	ഫന	ചൊ	† ന. ക. കഷ്യാനുഭ. ന. അ. കു. പെ. ൨൮	ചൂ.	2
	വ	ഫര	ബു	വേ. വലന്തി. ന. അ. കു. പെ.	ചൂ.	2
	ന	ഫ൭	വ്യാ	വേ. യോ. ക്രൂട്ട. ന. അ. കു. പെ. † അ. വെ. പത്രോ. തൊ.	ചൂ.	2
	ര	ഫന	വെ	† വേ. യോഹ. ന. അ. കു. പെ.	ചൂ.	൨൨
	ഒ	ഫഒ	ശ	ക. മ. പ്രത്യ. ഇന. ഫഫ ന. അ. കു. പെ.	വെ.	2
	ന	ഫവ	ഞാ	✠ [illegible] ന. കു. അ. ൨൦൦൬ 2	രോ.	൨൮
	ഒ	ഫൻ	തി	† മെ. മൈമന്ത്. മ. വ൦ ന. അ. കു. പെ.	വെ.	൨൮
	വ	വ൦	ചൊ	അ. മെ. ഫിലാരി. മ. ഫര ന. അ. കു. പെ.	വെ.	൨൮
	ൻ	വഫ	ബു	വിഭൂതി ന. കു. അ.	രോ.	൨൮
	ഫ൦	വവ	വ്യാ	ന. കു. അ. † പത്രോ. അന്തി. സിംഫാ.	വെ.	രോ. ൨൮
	ഫഫ	വന	വെ	ന. കു. അ. † ന. ക. മൂൽമൂടി. ൨൮	ചൂ. ഒ.	രോ. ൨൮
	ഫവ	വര	ശ	(✠) മത്യാ ശ്ലീ. ന. കു. പെ.	ചൂ.	൨൮
	ഫന	വഒ	ഞാ	✠ നോ. ഫ-ാഞ്ഞാ. ന. കു. അ. ൨൮	രോ.	2
	ഫര	വന	തി	ന. കു. അ. † അ. മെ. അന്ത്രോ. ഇന. ഴ. വെ.	രോ.	2
	ഫ൭	വഒ	ചൊ	ന. കു. അ. † അ. മെ. തേത്തോ. ഇന. ന വെ.	രോ.	2
	ഫന	വവ	ബു	ന. കു. അ. അ. വേ. ശെമ. ഇന. ഫവ. ചൂ. പട്ടം	രോ.	2
	ഫഒ	വൻ	വ്യാ	ന. കു. അ. † അ. മെ. പത്രോ. ദമി. ഇന. വ ന വെ.	രോ.	2

✠ ഈ അടയാളം എല്ലാവർക്കും കടമുള്ള ദിവസം (✠) കടം നീക്കപ്പെട്ട ദിവസം
✻ ഇറച്ചി വിലക്കുള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam.